# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ഉദയഗിരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2019-2020


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.12/339/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 20/04/2022
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഉദയഗിരി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ഉദയഗിരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഉദയഗിരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.12/339/22 തീയ്യതി: 20/04/2022

## കണ്ണൂർ ജില്ലയിലെ ഉദയഗിരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ഉദയഗിരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 09-12-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സാബു.പി.എസ് | ഡെപ്യൂട്ടി ഡയരക്ടർ | 03-02-2022 | 16-02-2022 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 03-02-2022 | 16-02-2022 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ സുരേഷ് ബാബു.കെ.വി,ഓഡിറ്റ് ഓഫീസർ,
ശ്രീമതി റീന പിട്ടൻ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
ശ്രീമതി സബിത.കെ,ഓഡിറ്റർ.

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി മിനി മാത്യു മുകുന്ദംകരി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ ഒ.എം ജോർജ്ജ് | സെക്രട്ടറി | 01-04-2019 | 31-03-2020 |

**നിർവ്വഹണഉദ്യോഗസ്ഥർ**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി റോസ് ലിജി.സി.ഡി | അസിസ്റ്റന്റ് എൻജിനീയർ | 01-04-2019 | 31-08-2019 |
| ശ്രീ രൂപേഷ്.ടി | അസിസ്റ്റന്റ് എൻജിനീയർ | 01-09-2019 | 31-03-2020 |
| ശ്രീമതി രാഗിഷ രാംദാസ് | കൃഷി ഓഫീസർ | 01-04-2019 | 23-03-2020 |
| ശ്രീ അനൂപ് .ആർ .എൽ | കൃഷി ഓഫീസർ | 24-03-2020 | 31-03-2020 |
| ശ്രീ മുഹമ്മമദ് ബഷീർ.എൻ.പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 21-10-2019 |
| ശ്രീ പ്രദീപ് .എ).ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 22-10-2019 | 24-10-2019 |
| ശ്രീ സുരേന്ദ്രൻ.ടി.വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 25-10-2019 | 31-03-2020 |
| ശ്രീമതി നളിനമ്മ.കെ.ജി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 22-12-2019 |
| ശ്രീമതി സജന കായക്കീൽ | ഐ സി ഡി എസ് സൂപ്പർവൈസർ | 23-12-2019 | 31-03-2020 |
| ഡോ: ശൈലജ വർമ്മ | മെഡിക്കൽ ഓഫീസർ,പി എച്ച് സി | 01-04-2019 | 31-03-2020 |
| ഡോ: ബിജോയ് വർഗ്ഗീസ് | വെറ്ററിനറി സർജ്ജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി സാലി.ടി.ഒ | ഹെഡ് മാസ്റ്റർ ഇൻ ചാർജ്ജ് | 01-04-2019 | 10-06-2019 |
| | | 11-06-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീമതി ലിസമ്മ ജോസഫ് | ഹെഡ് മാസ്റ്റർ | | |
| ശ്രീ ജോസഫ്.പി.എ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 23-07-2019 |
| ശ്രീമതി കല.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 24-07-2019 | 13-01-2020 |
| ശ്രീ സതീഷ് കുമാർ.വി | അസിസ്റ്റന്റ് സെക്രട്ടറി | 14-01-2020 | 31-03-2020 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Suresh Babu KV (Audit Officer, On 27-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 08-04-2022) | 1-1 |
| 2 | ബജറ്റ് ഡോക്യുമെന്റുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.<br>Written By: Suresh Babu KV (Audit Officer, On 27-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-04-2022) | 1-1-1 |
| 3 | അധികവിഭവസമാഹരണം-കേരള സർക്കാരിന്റെ ബജറ്റ് നിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്ത് ബജറ്റിൽ ഉൾപ്പെടുത്തുന്നില്ല.<br>Written By: Suresh Babu KV (Audit Officer, On 27-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 08-04-2022) | 1-1-2 |
| 4 | വരുമാനവർദ്ധനവിന് ഉതകുന്ന നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നില്ല.<br>Written By: Suresh Babu KV (Audit Officer, On 27-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 08-04-2022) | 1-1-3 |
| 5 | വാർഷികധനകാര്യപത്രിക<br>Written By: Suresh Babu KV (Audit Officer, On 27-02-2022)<br>Last Updated By: Suresh Babu KV (Audit Officer, On 27-02-2022) | 1-2 |
| 6 | വാർഷിക ധനകാര്യ പത്രിക- അപാകങ്ങൾ<br>Written By: Reena Pittan (Asst. Audit Officer, On 17-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-04-2022) | 1-2-1 |
| 7 | സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)<br>Written By: Suresh Babu KV (Audit Officer, On 27-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-04-2022) | 1-3 |
| 8 | ഫണ്ട് വിനിയോഗം<br>Written By: Reena Pittan (Asst. Audit Officer, On 17-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-04-2022) | 1-4 |
| 9 | പദ്ധതി അവലോകനം<br>Written By: Suresh Babu KV (Audit Officer, On 27-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 08-04-2022) | 1-5 |
| 10 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി<br>Written By: Suresh Babu KV (Audit Officer, On 27-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 08-04-2022) | 1-6 |
| 11 | ജി എസ് ടി - ടിഡിഎസ് കുറവ് ചെയ്യാതെ മെറ്റീരിയൽ സപ്ലൈ കരാറുകാർക്ക് തുക നൽകുന്നത് ക്രമപ്രകാരമല്ല.<br>Written By: Suresh Babu KV (Audit Officer, On 27-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-04-2022) | 1-6-1 |
| 12 | സർക്കാർ നിശ്ചയിച്ച നിരക്കിലുള്ള മുദ്രപത്രത്തിൽ കരാറിലേർപ്പെടുന്നില്ല.സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ സർക്കാരിന് വരുമാനനഷ്ടം.<br>Written By: Suresh Babu KV (Audit Officer, On 27-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 08-04-2022) | 1-6-2 |
| 13 | മെറ്റീരിയൽ പ്രവൃത്തികളുടെ ടെണ്ടർ-ടെണ്ടർ ഫാറം വില ഈടാക്കിയതിലെ കുറവ്.<br>Written By: Suresh Babu KV (Audit Officer, On 27-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-04-2022) | 1-6-3 |
| 14 | സാധനസാമഗ്രികളുടെ കൈമാറ്റം-രേഖകൾ സൂക്ഷിക്കുന്നില്ല.<br>Written By: Suresh Babu KV (Audit Officer, On 27-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 11-04-2022) | 1-6-4 |
| 15 | കരാറുകാരിൽ നിന്നും ഇ എം ഡി വാങ്ങിയിട്ടില്ല.<br>Written By: Suresh Babu KV (Audit Officer, On 27-02-2022) | 1-6-5 |

| | | |
|---|---|---|
| | Last Updated By: Pramodan Anchantavida (Computer Assistant, On 11-04-2022) | |
| 16 | കരാറുകാരിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് വാങ്ങിയിട്ടില്ല.<br>Written By: Suresh Babu KV (Audit Officer, On 27-02-2022)<br>Last Updated By: Suresh Babu KV (Audit Officer, On 27-02-2022) | 1-6-6 |
| 17 | ദർഘാസ് പ്രമാണങ്ങളുടെ വില്പന -സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.<br>Written By: Suresh Babu KV (Audit Officer, On 27-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-03-2022) | 1-6-7 |
| 18 | മസ്റ്റർ റോൾ കൈകാര്യം ചെയ്യുന്നതിലെ അശ്രദ്ധ.<br>Written By: Suresh Babu KV (Audit Officer, On 27-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 11-04-2022) | 1-6-8 |
| 19 | റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ-എസ്റ്റിമേറ്റിൽ ചെയിനേജ് രേഖപ്പെടുത്തുന്നില്ല.<br>Written By: Suresh Babu KV (Audit Officer, On 27-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-04-2022) | 1-6-9 |
| 20 | മെറ്റിരീയൽ പ്രവൃത്തികളുടെ പർച്ചേസ് ബില്ലുകൾ സാക്ഷ്യപ്പെടുത്തി പാസാക്കാതെ തുക അനുവദിക്കുന്നത് ക്രമപ്രകാരമല്ല.<br>Written By: Suresh Babu KV (Audit Officer, On 27-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 11-04-2022) | 1-6-10 |
| 21 | തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായുള്ള പൊതു ആസ്തികളുടെ നിർമ്മാണം- ഗ്രാമപഞ്ചായത്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി അപ്ഡേറ്റ് ചെയ്യുന്നില്ല.<br>Written By: Suresh Babu KV (Audit Officer, On 27-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 11-04-2022) | 1-6-11 |
| 22 | ക്ഷേമ പദ്ധതികൾ<br>Written By: Sabitha.K (Auditor, On 27-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-04-2022) | 1-7 |
| 23 | സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണപ്പെട്ടതിന് ശേഷവും പെൻഷൻ തുക നൽകുന്നു.<br>Written By: Sabitha.K (Auditor, On 17-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-04-2022) | 1-7-1 |
| 24 | ക്യാഷ് പരിശോധന<br>Written By: Suresh Babu KV (Audit Officer, On 27-02-2022)<br>Last Updated By: Suresh Babu KV (Audit Officer, On 27-02-2022) | 1-8 |
| 25 | ആഭ്യന്തരനിയന്ത്രണം<br>Written By: Suresh Babu KV (Audit Officer, On 27-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 11-04-2022) | 1-9 |
| 26 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Suresh Babu KV (Audit Officer, On 27-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-03-2022) | 1-10 |
| 27 | ലോഡ്ജിംഗ് റൂമുകൾക്കും ഷോപ്പിംഗ് റൂമുകൾക്കും പാർപ്പിടാവശ്യത്തിനുള്ള നിരക്കിൽ നികുതി നിർണ്ണയം നടത്തിയത് ക്രമപ്രകാരമല്ല.വസ്തുനികുതി ചുമത്തിയതിൽ കുറവ് വന്ന 7419/-രൂപയുടെ നഷ്ടം ഈടാക്കേണ്ടതാണ്.<br>Written By: Sabitha.K (Auditor, On 27-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-04-2022) | 1-11 |
| 28 | വസ്തുനികുതി-ഭേദഗതി ഉത്തരവുകൾ പ്രകാരമുള്ള നിരക്ക് വിജ്ഞാപനം ചെയ്ത് സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല.<br>Written By: Sabitha.K (Auditor, On 27-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 11-04-2022) | 1-12 |
| 29 | എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളിൽ വസ്തുനികുതി ബാധകമാക്കേണ്ട കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയതിന്റെ | 1-13 |

| | | |
|---|---|---|
| | വിവരങ്ങൾ ലഭ്യമല്ല.<br>Written By: Sabitha.K (Auditor, On 27-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 11-04-2022) | |
| 30 | തൊഴിൽ നികുതി അപാകതകൾ<br>Written By: Sabitha.K (Auditor, On 17-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-04-2022) | 1-14 |
| 31 | ഇ -ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചില്ല.<br>Written By: Suresh Babu KV (Audit Officer, On 27-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 11-04-2022) | 1-15 |
| 32 | യാത്രാബത്ത അനുവദിക്കുന്നതിൽ കൃത്യത ഉറപ്പുവരുത്തേണ്ടതാണ്<br>Written By: Reena Pittan (Asst. Audit Officer, On 19-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-04-2022) | 1-16 |
| 33 | വാഹനങ്ങളുടെ പരിപാലനം - രജിസ്റ്ററുകൾ നിർദ്ദേശാനുസരണം സൂക്ഷിക്കേണ്ടതാണ്.<br>Written By: Reena Pittan (Asst. Audit Officer, On 17-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 11-04-2022) | 1-17 |
| 34 | തെരുവ് വിളക്കുകളുടെ ചാർജ്ജ്- തുകയുടെ കൃത്യത ഉറപ്പുവരുത്തുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കേണ്ടതാണ്.<br>Written By: Reena Pittan (Asst. Audit Officer, On 17-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 11-04-2022) | 1-18 |
| 35 | ഐ.കെ.എം വിഹിതം നല്കൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.<br>Written By: Reena Pittan (Asst. Audit Officer, On 17-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-04-2022) | 1-19 |
| 36 | കമ്പ്യൂട്ടറുകളുടെ എ.എം.സി - രേഖകൾ ഹാജരാക്കിയില്ല. . ₹77,738 തടസ്സപ്പെടുത്തുന്നു<br>Written By: Reena Pittan (Asst. Audit Officer, On 17-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-04-2022) | 1-20 |
| 37 | ഹരിത കർമ്മ സേന -തനത് ഫണ്ടിൽ നിന്നും അനുവദിച്ച തുക റിക്കൂപ്പ് ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതാണ്<br>Written By: Reena Pittan (Asst. Audit Officer, On 17-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-04-2022) | 1-21 |
| 38 | തനത് ഫണ്ട്- ചെലവ് രേഖകൾ ഹാജരാക്കിയില്ല<br>Written By: Reena Pittan (Asst. Audit Officer, On 17-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 11-04-2022) | 1-22 |
| 39 | പാലുല്പാദന ബോണസ്- നിർവ്വഹണത്തിലെ അപാകം- ₹12,00,000/- തടസ്സപ്പെടുത്തുന്നു<br>Written By: Reena Pittan (Asst. Audit Officer, On 17-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-04-2022) | 1-23 |
| 40 | സ്വയം തൊഴിൽ സംരംഭം- ആവശ്യമായ രേഖകളില്ല- ₹200000 തടസ്സപ്പെടുത്തുന്നു<br>Written By: Sabitha.K (Auditor, On 17-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-04-2022) | 1-24 |
| 41 | പോഷകാഹാര സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റേയും വിതരണം നടത്തിയതിന്റേയും രേഖകൾ ഹാജരാക്കിയില്ല ചെലവ് തുക 144235/- തടസ്സപ്പെടുത്തുന്നു<br>Written By: Sabitha.K (Auditor, On 17-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 11-04-2022) | 1-25 |
| 42 | ചെലവ് രേഖകൾ ഹാജരാക്കിയില്ല -75907/- രൂപ തടസ്സപ്പെടുത്തുന്നു | 1-26 |

| | | |
|---|---|---|
| | Written By: Sabitha.K (Auditor, On 17-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-04-2022) | |
| 43 | ഒ ഡി എഫ് ടോയ് ലറ്റ് നിർമാണം -പ്രൊജക്ട് നിർവഹണത്തിലെ അപാകങ്ങൾ<br>Written By: Sabitha.K (Auditor, On 17-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 11-04-2022) | 1-27 |
| 44 | SSA- വിശദമായ വിനിയോഗവിവരം ലഭ്യമല്ല<br>Written By: Sabitha.K (Auditor, On 17-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 11-04-2022) | 1-28 |
| 45 | റോഡ് ടാറിംഗ് പ്രവൃത്തികൾ-ബിറ്റുമിൻ പർച്ചേസ് ബില്ലുകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.<br>Written By: Suresh Babu KV (Audit Officer, On 27-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 11-04-2022) | 1-29 |
| 46 | പൊതുമരാമത്ത് പ്രവൃത്തികളിൽ മോണിറ്ററിംഗ് നടക്കുന്നില്ല.<br>Written By: Suresh Babu KV (Audit Officer, On 27-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 11-04-2022) | 1-30 |
| | **ഭാഗം 2** | |
| 1 | ലോഡ്ജിംഗ് റൂമുകൾക്കും ഷോപ്പിംഗ് റൂമുകൾക്കും പാർപ്പിടാവശ്യത്തിനുള്ള നിരക്കിൽ നികുതി നിർണ്ണയം നടത്തിയത് ക്രമപ്രകാരമല്ല. വസ്തുനികുതി ചുമത്തിയതിൽ കുറവ് വന്ന 7419/-രൂപയുടെ നഷ്ടം ഈടാക്കേണ്ടതാണ്<br>Written By: Sabitha.K (Auditor, On 27-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-04-2022) | 2-1 |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Suresh Babu KV (Audit Officer, On 27-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-04-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Suresh Babu KV (Audit Officer, On 27-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 11-04-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Suresh Babu KV (Audit Officer, On 27-02-2022)<br>Last Updated By: Suresh Babu KV (Audit Officer, On 27-02-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ<br>Written By: Suresh Babu KV (Audit Officer, On 27-02-2022)<br>Last Updated By: Suresh Babu KV (Audit Officer, On 27-02-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Suresh Babu KV (Audit Officer, On 27-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 11-04-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Suresh Babu KV (Audit Officer, On 27-02-2022)<br>Last Updated By: Suresh Babu KV (Audit Officer, On 27-02-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Suresh Babu KV (Audit Officer, On 27-02-2022)<br>Last Updated By: Suresh Babu KV (Audit Officer, On 27-02-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Suresh Babu KV (Audit Officer, On 27-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-03-2022) | 4-8 |
| 9 | | 4-9 |

| | | |
|---|---|---|
| | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Suresh Babu KV (Audit Officer, On 27-02-2022)<br>Last Updated By: Suresh Babu KV (Audit Officer, On 27-02-2022) | |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Suresh Babu KV (Audit Officer, On 27-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-04-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Suresh Babu KV (Audit Officer, On 27-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 20-04-2022) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ 16-02-2019 തീയതിയിലെ യോഗത്തിലെ 13/2019 നമ്പർ തീരുമാനപ്രകാരം തയ്യാറാക്കിയ ഉദയഗിരി ഗ്രാമപഞ്ചായത്തിന്റെ 2019-20 സാമ്പത്തികവർഷത്തേക്കുള്ള കരട് ബജറ്റ് 20-02-2019 തീയതിയിൽ രാവിലെ ചേർന്ന ഭരണസമിതി പ്രത്യേകയോഗത്തിൽ അവതരിപ്പിക്കുകയും (തീരുമാനം നമ്പർ-23/19) അതേ യോഗത്തിലെ 22/2019 തീരുമാന പ്രകാരം ഭേദഗതികളൊന്നുമില്ലാതെ അംഗീകരിക്കുകയുമുണ്ടായി.ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 09.03.2020 യോഗത്തിലെ 23/20 നമ്പർ തീരുമാനപ്രകാരം ബജറ്റ് പുതുക്കുന്നതുമായി ബന്ധപ്പെട്ട ശുപാർശ നൽകുകയും ഭരണസമിതിയുടെ 13-03-2020 തീയതിയിലെ 40/20 തീരുമാനപ്രകാരം പുതുക്കിയ ബജറ്റിന് അംഗീകാരം നൽകുകയുമുണ്ടായി.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 1431670 | 1431670 |
| വരവ് | 182647466 | 191596406 |
| ആകെ | 184079136 | 193028076 |
| ചെലവ് | 182403266 | 191352206 |
| നീക്കിയിരിപ്പ് | 1675870 | 1675870 |

ഗ്രാമപഞ്ചായത്തിന്റെ പ്രത്യേകയോഗത്തിൽ അവതരിപ്പിക്കുന്ന ബജറ്റ് വിശദമായ ചർച്ചകൾക്ക് ശേഷം മറ്റൊരു പ്രത്യേകയോഗത്തിൽ അംഗീകരിക്കുവാനും പാസാക്കുവാനുമാണ് ബജറ്റ് മാന്വലിലെ നിർദ്ദേശം. കരട് ബജറ്റ് ചർച്ചകൾക്ക് വിധേയമാക്കാതെയും യാതൊരു ഭേദഗതികൾ നിർദ്ദേശിക്കാതെയും അവതരിപ്പിച്ച ദിവസം തന്നെ പാസാക്കിയത് ബജറ്റ് മാന്വലിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമല്ല.

### 1-1-1 ബജറ്റ് ഡോക്യുമെന്റുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1.ബജറ്റ് പ്രസംഗം

2.ബജറ്റ് കുറിപ്പുകൾ

3.ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

എന്നാൽ 2019-2020 സാമ്പത്തികവർഷത്തിൽ മേൽ സൂചിപ്പിച്ച രേഖകൾ പ്രത്യേകം ബജറ്റ് ഡോക്യുമെന്റ് ആയി സൂക്ഷിച്ചിട്ടില്ല.

### 1-1-2 അധികവിഭവസമാഹരണം-കേരള സർക്കാരിന്റെ ബജറ്റ് നിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്ത് ബജറ്റിൽ ഉൾപ്പെടുത്തുന്നില്ല.

സംസ്ഥാനത്തിന്റെ സമഗ്ര പശ്ചാത്തലവികസനത്തിനും സാമ്പത്തിക സുസ്ഥിരതക്കും നികുതിയേതരവർദ്ധനവ് വരുത്തേണ്ടത് അനിവാര്യമായതിനാൽ എല്ലാ സേവനങ്ങൾക്കുമുള്ള നിലവിലെ ഫീസുകൾ,ചാർജ്ജുകൾ എന്നിവ 01-04-2019 മുതൽ അഞ്ച് ശതമാനം വർദ്ധനവ് വരുത്തി സ.ഉ (അച്ചടി) 28/2019 ധന.തീയതി 08-03-2019 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.എല്ലാ സർക്കാർ വകുപ്പുകളും പൊതുമേഖലാ ഗ്രാന്റ്-ഇൻ എയ്ഡ് സ്ഥാപനങ്ങളും പുതുക്കിയ സേവനനിരക്കുകൾ വ്യക്തമാക്കി പ്രത്യേകം ഉത്തരവ് നടപടിക്രമം പുറപ്പെടുവിക്കേണ്ടതാണെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നതാണ്. ഗ്രാമപഞ്ചായത്തിന്റെ ബജറ്റിൽ പ്രസ്തുതനിർദ്ദേശം ഉൾപ്പെടുത്തുകയോ സേവനനിരക്കുകളിൽ വർദ്ധനവ് വരുത്തുകയോ ചെയ്തിട്ടില്ല.തനത് വരുമാനം കുറവായ ഗ്രാമപഞ്ചായത്തിൽ തനത് വരുമാനവർദ്ധനവിനുള്ള സർക്കാർ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കി വരുമാനവർദ്ധനവിന് ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റി പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്.ഓരോ സാമ്പത്തികവർഷത്തിലും തനത് വരുമാനവർദ്ധനവിന് സർക്കാർ

അനുമതി നൽകുന്ന നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുവാൻ അതാത് പ്രാദേശിക സർക്കാരുകളും ഇത്തരം നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-1-3 വരുമാനവർദ്ധനവിന് ഉതകുന്ന നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നില്ല.

പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ഒന്നും തന്നെ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കുന്ന ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. തനത് വരുമാനം വളരെ കുറവായ ഗ്രാമപഞ്ചായത്തിൽ അധികവിഭവസമാഹരണത്തിനുതകുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കുന്ന ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ച ന്യൂനതകൾ ആവർത്തിക്കാതിരിക്കുവാനും ബജറ്റ് തയ്യാറാക്കുന്നതിൽ സ.ഉ(ആർ.ടി)നം.3291/2016/LSGD തിയതി 02-12-2016 പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ള ബജറ്റ് മാന്വലിലെ നടപടിക്രമങ്ങളും മറ്റും പാലിക്കുവാനും ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1.സ്ഥാപനമേധാവികളുടെ യോഗം വിളിച്ച് ചേർത്ത് ബജറ്റ് സംബന്ധിച്ച പ്രാഥമികകാര്യങ്ങൾ ചർച്ച ചെയ്യേണ്ടതാണ്.

2.ബജറ്റ് മാന്വൽ പ്രകാരമുള്ള രേഖകൾ ബജറ്റ് രേഖകളായി സൂക്ഷിക്കേണ്ടതാണ്.

3.ഗ്രാമപഞ്ചായത്തിന് പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്

4.കേരള സർക്കാരിന്റെ ബജറ്റ് നിർദ്ദേശങ്ങൾ പ്രകാരമുള്ള അധികവിഭവസമാഹരണത്തിനുള്ള സർക്കാർ ഉത്തരവുകൾ തനത് വരുമാനവർദ്ധനവിന് ഉതകുന്ന രീതിയിൽ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്നതിന് ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2020 | 13-07-2020 | തിരിച്ചയച്ചിട്ടില്ല |

## 1-2-1 വാർഷിക ധനകാര്യ പത്രിക- അപാകങ്ങൾ

1.പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം (Land) വാർഷിക ധനകാര്യപത്രികയിൽ ആസ്തിയായി രേഖപ്പെടുത്തിയിട്ടില്ല.

**2.ഡെപ്പോസിറ്റ്**

1)ഡെപ്പോസിറ്റ് രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2)2019-20 ലെ ധനകാര്യ പത്രിക പ്രകാരം (RP 34) Contractors Retention , Auction Deposit, Other Deposit എന്നീ ഇനങ്ങളിലുള്ള വരവ് ചെലവ് തുക സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുള്ള ഡപ്പോസിറ്റ് രജിസ്റ്ററിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

**3.Secured Loan**

1)കോ-ഓപ്പറേറ്റീവ് ബാങ്ക് ലോൺ ഇനത്തിൽ (ഭവന നിർമ്മാണം) 2018-19 വർഷം തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന ₹12,44,550 ലോൺ രജിസ്റ്റർ പ്രകാരം 2019-20 വർഷം തിരിച്ചടച്ചിട്ടുണ്ട് . എന്നാൽ2019-20 AFS (RP 32) പ്രകാരം ഈ ഇനത്തിലുള്ള തിരിച്ചടവ് ₹10,90,060 ആണ് കൂടാതെ B-5 ൽ നീക്കിയിരിപ്പിൽ തുക ഉൾപ്പെടുത്തിയിട്ടുമില്ല.

2)KURDFC ലോൺ വരവ്, തിരിച്ചടവ് എന്നിവയുമായി ബന്ധപ്പെട്ട ലോൺ രജിസ്റ്റർ, സർക്കാർ ഉത്തരവ് എന്നിവ ഹാജരാക്കിയിട്ടില്ല.

**4.അഡ്വാൻസ്**

1) ബാലൻസ് ഷീറ്റ് B-18 പ്രകാരം ഷെഡ്യൂളിലെ Advance To Others ഇനത്തിലെ നീക്കിയിരിപ്പ് തുക(₹9,72,463) അഡ്വാൻസ് രജിസ്റ്ററിലെ നീക്കിരിപ്പ് തുക (₹9,47,489) യുമായി പൊരുത്തപ്പെടുന്നില്ല.

2)2018-19, 2019-20 വർഷങ്ങളിലെ B-18 ഷെഡ്യൂളിലെ Other Advance എന്ന ഇനത്തിൽ നീക്കിയിരിപ്പ് തുകയിൽ ഉൾപ്പെട്ടിട്ടുള്ള ₹13,397 രൂപ അഡ്വാൻസ് രജിസ്റ്റർ പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർക്ക് ട്രാൻസ്പോർട്ടേഷൻ ചാർജ്ജായി അഡ്വാൻസായി നൽകിയതാണ്. പ്രസ്തുത തുക ഇതേ വരെ ക്രമീകരിക്കാത്തതിന് കാരണം വ്യക്തമല്ല.
3)B-18 ഷെഡ്യൂൾ പ്രകാരം ഹരിതകർമ്മ സേനയുടെ വേതനമായി തൻവർഷം അനുവദിച്ച ₹155663 ഉൾപ്പെട്ടിട്ടുണ്ടെങ്കിലും ആയത് ഏത് കാലയളവിലേക്ക് അനുവദിച്ചതാണ് എന്ന് വ്യക്തമാക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

4) അഡ്വാൻസ് രജിസ്റ്റർ വർഷാന്ത്യ സംഗ്രഹം സാക്ഷ്യപ്പെടുത്തി ഹാജരാക്കിയിട്ടില്ല.

5.2019-20 വർഷത്തെ വസ്തുനികുതി ഡിമാന്റ്-കളക്ഷൻ-ബാലൻസ്, വസ്തു നികുതി കുടിശ്ശികയുടെ കളക്ഷൻ-ബാലൻസ് എന്നിവയുടെ സഞ്ചയപ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്തം സാക്ഷ്യപ്പെടുത്തി ഹാജരാക്കാത്താതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

6. ഇൻസ്റ്റിറ്റ്യൂഷൻസ്/പ്രൊഫഷണൽസ്/ ട്രേഡേഴ്സ് ഇനത്തിലുള്ള തൊഴിൽ നികുതി യുടെ 2019-20 വർഷത്തെ സാക്ഷ്യപ്പെടുത്തിയ ഡി സി ബി രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

7.പെർമിറ്റ് ഫീയുമായി ബന്ധപ്പെട്ട സ്ഥാപനത്തിലെ രജിസ്റ്റർ പ്രകാരം തൻവർഷത്തെ ഡിമാന്റ് ₹42,656 ആണ്. എന്നാൽ 2019-20 AFS ൽ ഡിമാന്റ് ചെയ്തിരിക്കുന്നത് Period Income ആയി കലക്ട് ചെയ്ത ₹988 ഉൾപ്പടെ 43,644 രൂപയാണ്.

8. ജില്ലാപഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ചിട്ടുള്ള തുകയിൽ B4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പുള്ള തുക മുഴുവനും ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യാത്തതിന്റെ കാരണവും തുക ഏത് അക്കൗണ്ടിലാണ് ക്രഡിറ്റ് ചെയ്തിട്ടുള്ളത് എന്നും വ്യക്തമാക്കിയിട്ടില്ല.

9.ടോട്ടൽ സാനിറ്റേഷൻ ഇനത്തിൽ 2018-19, 2019-20 വർഷങ്ങളിലെ ധനകാര്യ പത്രിക പ്രകാരം B4 ഷെഡ്യൂളിൽ (320300103) നീക്കിയിരിപ്പുള്ള ₹1,33,080 ഏതാവശ്യത്തിനായി എപ്പോൾ ലഭിച്ചതാണെന്ന് വ്യക്തമാക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

10.B4 ഷെഡ്യൂളിൽ ഭവന നിധി ഇനത്തിലുള്ള സംസ്ഥാന സർക്കാർ വിഹിതമായി ലഭിച്ചിട്ടുള്ള തുകയിൽ നീക്കിയിരിപ്പുള്ള തുക ₹4,02,265 ആണ് . എന്നാൽ B 17 പ്രകാരം ഭവന നിധിയുമായി ബന്ധപ്പെട്ട അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുക ₹409410 ആണ്. വ്യത്യാസത്തിന്റെ കാരണം അറിയിക്കേണ്ടതാണ്.

11.തൻവർഷത്തെ ആസ്തികൾക്ക് Depreciation രേഖപ്പെടുത്തിയിട്ടുള്ള ഷെഡ്യൂളിന്റെ (B-11) ആധികാരികത പരിശോധിക്കാനാവശ്യമായ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

13. ആസ്തി രജിസ്റ്റർ കാലികമാക്കി ഹാജരാക്കിയിട്ടില്ല.

14. കരാറുകാർ സമർപ്പിച്ച അംഗീകരിച്ച ബില്ലുകൾ, മറ്റ് അംഗീകരിച്ച ബില്ലുകൾ (ക്യൂ ബില്ലുകൾ) എന്നിവ പ്രകാരമുള്ള തുക ബാധ്യതയായി ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

15. NREGA-യുമായി ബന്ധപ്പെട്ട I-6-ൽ തൊഴിലാളികൾക്ക് അനുവദിച്ച തുക മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഭരണചെലവ് ഉൾപ്പെടുത്തിയിട്ടില്ല.
16.സംയുക്ത പ്രോജക്ടുകൾക്ക് വേണ്ടി ലഭിച്ച ഫണ്ടിന്റെ വരവ് സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങളും വാർഷിക കണക്കിലെ തുകകളും (RP-7, RP-31) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

മേൽ അപാകങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ മറുപടി രേഖകൾ ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (നം. 7/08.02.2022) നൽകിയെങ്കിലും മറുപടി ഹാജരാക്കുകയുണ്ടായില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 10526194 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 59348365 |
| | |

| | |
|---|---|
| ആകെ | 69874559 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 57932477 |
| നീക്കിയിരിപ്പ് | 11942082 |
| വരവിനങ്ങളിലുള്ള നഷ്ടം | 7419 |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1697880 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് * | ആകെ | ചെലവ് (ജി.ഒ പ്രൊജക്ട് പ്രകാരമുള്ള ചെലവ് ഉൾപ്പടെ) | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 13572000 | 13572000 | 11096033 | 2475967 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 506000 | 506000 | 454770 | 51230 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 3917000 | 3917000 | 2697294 | 1219706 |
| മെയിന്റനൻസ്, റോഡ് | 0 | 17166000 | 17166000 | 9137451 | 8028549 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 4196000 | 4196000 | 2159610 | 2036390 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 10376558 | 10376558 | 6085007 | 4291551 |
| ഐസിഡിഎസ്-കേന്ദ്രവിഹിതം | 1739874 | 560376 | 2300250 | 1138577 | 1161673 |
| സാക്ഷരത | 976 | 0 | 976 | 0 | 976 |
| പശ്ചിമ ഘട്ട വികസന പദ്ധതി | 26426 | 1039 | 27465 | 0 | 27465 |
| സമ്പൂർണ്ണ ശുചിത്വം | 133080 | 0 | 133080 | 0 | 133080 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 1735000 | 6226 | 1741226 | 574090 | 1167136 |
| കേരളോത്സവം | 0 | 20000 | 20000 | 0 | 20000 |
| വനിത ശിശു വികസന വകുപ്പ് ബേബി ഫ്രണ്ടിലി ടോയ് ലറ്റ് | 0 | 12000 | 0 | 12000 | 0 |
| ഭവന നിധി സംസ്ഥാന സർക്കാർ വിഹിതം | 3730000 | 32241 | 3762241 | 3359976 | 402265 |
| പ്രത്യേക ഉദ്ദേശ ഗ്രാന്റ് | 2808856 | 0 | 2808856 | 2279885 | 528971 |
| **എം ജി എൻ ആർ ജി എസ്** | | | | | |
| തൊഴിലാളികളുടെ കൂലി | | 47104000 | 47104000 | 47104000 | |
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 3403 | 1721717 | 1725120 | 1198626 | 526494 |
| | 3403 | 48825717 | 48829120 | 48302626 | 526494 |

*ജി.ഒ. പ്രോജക്ടിനായി സ്രോതസിൽ നിന്നും കുറവു ചെയ്ത തുക ഉൾപ്പെടെയാണ് വരവായി രേഖപ്പെടുത്തിയിട്ടുള്ളത്. 2019-20 വർഷത്തെ ഗ്രാന്റ് പത്രിക ഹാജരാക്കിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | പൂർത്തീകരിച്ചത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 181 | 85184000 | 119 | 42658873 | 6 | 119 | 56 | 65.75 |

നിർവ്വഹണ ഉദ്യോഗസ്ഥൻമാർ മുഖാന്തിരം നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയത് | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 4 | 2914515 | 1822346 | 62.53 |
| വെറ്റിനറി സർജൻ | 6 | 4 | 5922500 | 1547048 | 26.12 |
| മെഡിക്കൽ ഓഫീസർ-പിഎച്ച്സി | 9 | 8 | 1625000 | 1572040 | 96.74 |
| വി ഇ ഒ | 20 | 17 | 18050480 | 9623461 | 53.31 |
| ഐസിഡിഎസ് സൂപ്പർവൈസർ | 6 | 5 | 3554200 | 2903672 | 81.70 |
| സെക്രട്ടറി | 17 | 14 | 5390791 | 3879000 | 71.96 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 98 | 54 | 44462567 | 19763401 | 44.45 |
| ഹെഡ്മാസ്റ്റർ | 8 | 6 | 879027 | 532595 | 60.59 |
| അസിസ്റ്റന്റ് സെക്രട്ടറി | 12 | 7 | 2384920 | 1015310 | 42.57 |
| **ആകെ** | **181** | **119** | **85184000** | **42658873** | **50.08** |

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത്,മെറ്റീരിയൽ കോസ്റ്റ് ഉൾപ്പെടെ | 0 | 47104000 | 47104000 | 47104000 | 0 |
| ഭരണചെലവുകൾ | 3403 | 1721717 | 1725120 | 1198626 | 526494 |
| ആകെ | 3403 | 48825717 | 48829120 | 48302626 | 526494 |

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി-നിർവഹണത്തിലെ അപാകങ്ങൾ.**

31.03.12 ലെ സ ഉ (കൈ) 93/2012/തസ്വഭവ ഉത്തരവു പ്രകാരമാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്ന നിർമ്മാണ പ്രവൃത്തികൾക്ക് ആവശ്യമായ സാധനങ്ങൾ വാങ്ങേണ്ടതെന്ന് 15.12.17 ലെ സ ഉ (കൈ)നം 254/17/തസ്വഭവ ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2019-20 സാമ്പത്തിക വർഷങ്ങളിൽ നടപ്പിലാക്കിയ നിർമ്മാണ പ്രവൃത്തികളുടെ കാര്യത്തിൽ പ്രസ്തുത ഉത്തരവിലെ നിർദ്ദേശങ്ങളും വ്യവസ്ഥകളും നടപടിക്രമങ്ങളും പാലിക്കപ്പെട്ടിട്ടില്ല.വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

### 1-6-1 ജി എസ് ടി - ടിഡിഎസ് കുറവ് ചെയ്യാതെ മെറ്റീരിയൽ സപ്ലൈ കരാറുകാർക്ക് തുക

**<u>നൽകുന്നത് ക്രമപ്രകാരമല്ല.</u>**

2017 ലെ ജി.എസ്.ടി നിയമം വകുപ്പ് 51 പ്രകാരം രണ്ടര ലക്ഷം രൂപയ്ക്ക് തുല്യമോ അതിന് മുകളിലോ മൂല്യമുള്ള വ്യാപാരങ്ങൾക്കും സേവനങ്ങൾക്കും ബന്ധപ്പെട്ട വിതരണക്കാരൻ / വ്യാപാരിയിൽ നിന്ന് 2% തുക ജി എസ് ടി ഇനത്തിൽ ഉറവിടത്തിൽ നിന്ന് കുറവ് ചെയ്ത് ജി എസ് ടി വകുപ്പിൽ ഒടുക്ക് വരുത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. തൊഴിലുറപ്പ് മിഷൻ ഡയറക്ടറുടെ 30.7.2019 ലെ 957/ ഇ ജി എസ് - സി /16/ആർ ഇ ജി എസ് നമ്പർ സർക്കുലർ പ്രകാരം തൊഴിലുറപ്പ് പദ്ധതിയുടെ സാമ്പത്തിക ഇടപാടുകൾ ഓൺലൈനായി നടത്തുന്ന എം ഐ എസി ൽ ജി എസ് റ്റി ഉറവിടത്തിൽ തന്നെ കുറവ് ചെയ്യുന്നതിന് നിലവിൽ സൗകര്യമേർപ്പെടുത്തിയിട്ടില്ലാത്തതിനാൽ ജി എസ് റ്റി - റ്റി ഡി എസ് തുക വെണ്ടർ/ സപ്ലൈയർ നേരിട്ട് ഗ്രാമപഞ്ചായത്തിൽ ഒടുക്കുമെന്ന് ഉറപ്പ് വരുത്തിയാണ് ബിൽ തുക അനുവദിക്കേണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതിയുടെ മെറ്റീരിയൽ പ്രവൃത്തികളിൽ 2,50,000/-രൂപയോ അതിന് മുകളിലോ വരുന്ന പ്രവൃത്തികൾക്ക് തൊഴിലുറപ്പ് മിഷൻ ഡയറക്ടറുടെ മേൽ സൂചിപ്പിച്ച സർക്കുലർ പ്രകാരം വെണ്ടർ/സപ്ലൈയർമാരിൽ നിന്ന് അന്തിമ ബിൽ പ്രകാരമുള്ള ജി എസ് ടി തുക ഗ്രാമപഞ്ചായത്തിൽ ഒടുക്കുവരുത്താതെയാണ് ബിൽ തുക അനുവദിച്ചത്. അന്തിമ ബിൽ പ്രകാരമുള്ള ജി എസ് ടി തുക ഗ്രാമപഞ്ചായത്തിൽ ഒടുക്കുവരുത്താതെ വെണ്ടർ/ സപ്ലൈയർമാർക്ക് തുക അനുവദിച്ചത് ക്രമപ്രകാരമല്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമനമ്പർ | പ്രവർത്തിയുടെ വിശദവിവരം | സപ്ലൈ ചെയ്ത മെറ്റീരിയലിന്റെ ആകെ തുക, കരാറുകാരന്റെ പേര് | ഈടാക്കേണ്ട ജി എസ് റ്റി - റ്റി ഡി എസ് | നൽകിയ തുകയുടെ വിശദവിവരം |
|---|---|---|---|---|
| 1 | മാമ്പൊയിൽ ചിറാപുഞ്ചി റോഡ് കോൺക്രീറ്റ്<br>വർക്ക് കോഡ്-1602011009/RC/303892<br>എസ്റ്റിമേറ്റ് തുക-483106<br>ആകെ ചെലവ് തുക-450815<br>എം.ബുക്ക് നമ്പർ-22/2019-20 | 330558<br>(ജോ സെബാസ്റ്റ്യൻ) | 6611 | KL1602011009_060320FTO _628584 തീയതി 06-03-2020 |
| 2 | പുൽക്കയംപടി തടത്തേൽപ്പടി റോഡ് കോൺക്രീറ്റ്<br>വർക്ക് കോഡ്-1602011009/RC/304239<br>എസ്റ്റിമേറ്റ് തുക-461082<br>ആകെ ചെലവ് തുക-426218<br>എം.ബുക്ക് നമ്പർ-36/2019-20 | 328213<br>(റോയ് ദേവസ്യ) | 6564 | KL1602011009_280320FTO _തീയതി 693769 28-03-2020 |
| 3 | പൂവൻചാൽ തയ്യിൽ മല കോളനി റോഡ് കോൺക്രീറ്റ്<br>വർക്ക് കോഡ്-1602011009/RC/303870<br>എസ്റ്റിമേറ്റ് തുക-458635<br>ആകെ ചെലവ് തുക-428081<br>എം.ബുക്ക് നമ്പർ-18/2019-20 | 330729<br>(ടി ജെ ജയിംസ്) | 6615 | KL1602011009_100320FTO _തീയതി 641348 10-03-2020 |
| 4 | കൊച്ചപ്ലാക്കൽപ്പടി ഉരുവൻകരി യുവശക്തി റോഡ് കോൺക്രീറ്റ്<br>വർക്ക് കോഡ്-1602011009/RC/306238<br>എസ്റ്റിമേറ്റ് തുക-372165 | 266175<br>(ശശിധരൻ.കെ.കെ) | 5324 | KL1602011009_050320FTO _627836 തീയതി 05-03-2020 |

| | | | | |
|---|---|---|---|---|
| | ആകെ ചെലവ് തുക-342982<br>എം.ബുക്ക് നമ്പർ-32/2019-20 | | | |
| 5 | കാവുങ്ങോട്ട് പടി കുരിശുമല റോഡ് കോൺക്രീറ്റ്<br>വർക്ക് കോഡ്-1602011009/RC/303895<br>എസ്റ്റിമേറ്റ് തുക-458226<br>ആകെ ചെലവ് തുക-426530<br>എം.ബുക്ക് നമ്പർ-30/2019-20 | 330558<br>(ജോ സെബാസ്റ്റ്യൻ) | 6611 | KL1602011009_060320FTO_628584 തീയതി 06-03-2020 |
| 6 | എളമ്പേൽപ്പടി അമ്പലപ്പടി റോഡ് കോൺക്രീറ്റ്<br>വർക്ക് കോഡ്-1602011009/RC/298261<br>എസ്റ്റിമേറ്റ് തുക-460206<br>ആകെ ചെലവ് തുക-430179<br>എം.ബുക്ക് നമ്പർ-45/2019-20 | 331347<br>(ചാക്കോ അഗസ്റ്റി) | 6627 | KL1602011009_240320FTO_680812 തീയതി 24-03-2020 |
| 7 | മണ്ണാത്തിക്കുണ്ട് കൊടക്കനാപ്പടി റോഡ് കോൺക്രീറ്റ്<br>വർക്ക് കോഡ്-1602011009/RC/304237<br>എസ്റ്റിമേറ്റ് തുക-460434<br>ആകെ ചെലവ് തുക-420306<br>എം.ബുക്ക് നമ്പർ-34/2019-20 | 331342<br>(ടോമി ലൂക്കോസ് ) | 6627 | KL1602011009_240320FTO_680812 തീയതി 24-03-2020 |
| 8 | മഠംപടി അരിവിളഞ്ഞപൊയിൽ റോഡ് കോൺക്രീറ്റ്<br>വർക്ക് കോഡ്-1602011009/RC/298258<br>എസ്റ്റിമേറ്റ് തുക-459863<br>ആകെ ചെലവ് തുക-429803<br>എം.ബുക്ക് നമ്പർ-31/2019-20 | 331347<br>(ജോർജ്ജ് തോമസ്) | 6627 | KL1602011009_240320FTO_680812 തീയതി 24-03-2020 |
| 9 | കാക്കത്തുരുത്തേൽ പടി കോളിയാട്ട്മല റോഡ് കോൺക്രീറ്റ്<br>വർക്ക് കോഡ്-1602011009/RC/298271<br>എസ്റ്റിമേറ്റ് തുക-463510<br>ആകെ ചെലവ് തുക-426589<br>എം.ബുക്ക് നമ്പർ-25/2019-20 | 331347<br>(ജോസ് കെ.ജെ) | 6627 | KL1602011009_240320FTO_680812 തീയതി 24-03-2020 |
| 10 | മണക്കടവ് പള്ളിക്കുന്ന് കുരിശ്ശുമല റോഡ് കോൺക്രീറ്റ്<br>വർക്ക് കോഡ്-1602011009/RC/306237 | 257700<br>(സിജിൻ ജോസഫ്) | 5154 | KL1602011009_050320FTO_627836 തീയതി 05-03-2020 |

| | | | | |
|---|---|---|---|---|
| | എസ്റ്റിമേറ്റ് തുക-359986<br>ആകെ ചെലവ് തുക-332980<br>എം.ബുക്ക് നമ്പർ-51/2019-20 | | | |
| 11 | ശാന്തിപുരം മണ്ണാത്തിക്കുണ്ട് റോഡ് കോൺക്രീറ്റ് വർക്ക്<br>കോഡ്-1602011009/RC/304236<br>എസ്റ്റിമേറ്റ് തുക-460130<br>ആകെ ചെലവ് തുക-429075<br>എം.ബുക്ക് നമ്പർ-24/2019-20 | 331347 (ജോർജ്ജ് തോമസ്) | 6627 | KL1602011009_240320FTO_680812 തീയതി 24-03-2020 |
| 12 | മണ്ണാത്തിക്കുണ്ട് ചേനാട്ട് കൊല്ലി റോഡ് കോൺക്രീറ്റ് വർക്ക്<br>കോഡ്-1602011009/RC/298269<br>എസ്റ്റിമേറ്റ് തുക-460857<br>ആകെ ചെലവ് തുക-422735<br>എം.ബുക്ക് നമ്പർ-33/2019-20 | 331347 (ജിൻസ് ഐസക് ) | 6627 | KL1602011009_240320FTO_680812 തീയതി 24-03-2020 |
| ആകെ | | | 76641 | |

കരാറുകാരിൽ നിന്നും ജി എസ് ടി ഈടാക്കേണ്ടതും തുക ജി എസ് ടി വകുപ്പിൽ ഒടുക്കുവരുത്തേണ്ടതുമാണ്. ജി.എസ്.ടി. നിയമത്തിലെ വകുപ്പ് 51(1) പ്രകാരം സ്രോതസ്സിൽ നിന്ന് നികുതി കുറവ് ചെയ്യാതിരുന്നാലോ കുറവ് ചെയ്ത തുക സർക്കാരിലേക്ക് ഒടുക്കുവാൻ വീഴ്ച വരുത്തിയാലോ പിഴ ഒടുക്കേണ്ടി വരുമെന്ന വസ്തുത കൂടി ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-6-2 സർക്കാർ നിശ്ചയിച്ച നിരക്കിലുള്ള മുദ്രപത്രത്തിൽ കരാറിലേർപ്പെടുന്നില്ല.സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ സർക്കാരിന് വരുമാനനഷ്ടം.

കേരള ഫിനാൻസ് ആക്ട്, 2018 പ്രകാരം 1-4-2018 മുതൽ മരാമത്ത് പ്രവൃത്തികൾക്കും, സേവനങ്ങൾക്കുമുള്ള എഗ്രിമെന്റുകൾക്ക് പ്രത്യേക സ്റ്റാമ്പ് ഡ്യൂട്ടി നിരക്ക് ഏർപ്പെടുത്തുകയും 1959 ലെ കേരള സ്റ്റാമ്പ് ആക്ടിൽ ഭേദഗതി വരുത്തുകയും ചെയ്തിട്ടുണ്ട്. മരാമത്ത് പ്രവൃത്തികൾക്കും, സേവനങ്ങൾക്കുമുള്ള എഗ്രിമെന്റുകളുടെ സ്റ്റാമ്പ് ഡ്യൂട്ടി ഓരോ 1000/- രൂപക്കും 1/- രൂപയായി നിശ്ചയിച്ചിട്ടുണ്ട്. കുറഞ്ഞത് 200/- രൂപയും പരമാവധി 1 ലക്ഷം രൂപയുമായി സ്റ്റാമ്പ് ഡ്യൂട്ടി നിജപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ മഹാത്മാഗാന്ധി ദേശീയഗ്രാമീണതൊഴിലുറപ്പ് പദ്ധതിയിലെ മെറ്റീരിയൽ പ്രവൃത്തികളിലെ രണ്ട് ലക്ഷത്തിൽ രൂപയിലധികമുള്ള എല്ലാ കരാറുകളും 200/ രൂപയുടെ മുദ്രപത്രത്തിലാണ് ചമച്ചിട്ടുള്ളത്. ടെണ്ടർ സമർപ്പിച്ച കരാറുകാരുമായി 200/ രൂപയുടെ മുദ്രപത്രത്തിൽ പ്രാഥമികകരാറും വാങ്ങി സൂക്ഷിച്ചിട്ടില്ല. സർക്കാർ നിശ്ചയിച്ച നിരക്കിലുള്ള മുദ്രപത്രത്തിൽ കരാറിലേർപ്പെടാതിരുന്നത് മൂലം സംസ്ഥാനസർക്കാരിന് സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ ലഭിക്കേണ്ട തുകയിൽ നഷ്ടമുണ്ടായിട്ടുണ്ട്. സംസ്ഥാനസർക്കാരിനുണ്ടായ നഷ്ടം പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിനായി ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-6-3 മെറ്റീരിയൽ പ്രവൃത്തികളുടെ ടെണ്ടർ-ടെണ്ടർ ഫാറം വില ഈടാക്കിയതിലെ കുറവ്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി സാധനങ്ങൾ വാങ്ങുന്നതുമായി ബന്ധപ്പെട്ട സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ സ ഉ (കൈ) നമ്പർ 93/12/തസ്വഭവ തീയതി 31.03.2012 (പേജ് 9) ൽ ദർഘാസ് പ്രമാണങ്ങളുടെ വില സംബന്ധിച്ച് 01.12.2008 ലെ ജി.ഒ(പി)നമ്പർ 540/2008/ ഫിൻ ഉത്തരവിന് അനുസൃതമായി 50000രൂപ മുതൽ 1000000രൂപ വരെയുള്ള വാങ്ങലുകൾക്ക് സാധന സാമഗ്രികളുടെ മൂല്യത്തിന്റെ 0.2%(100ന്റെ ഗുണിതങ്ങളിൽ) , ചുരുങ്ങിയത് 400രൂപ + ജി എസ് ടി ആയിരിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.എന്നാൽ ടെണ്ടർ ഫോറം വാങ്ങിയ കരാറുകാരിൽ നിന്നും 200+ 12% ജി എസ് ടി നിരക്കിൽ മാത്രമാണ് ടെണ്ടർ ഫാറം വില ഈടാക്കിയിട്ടുള്ളത്.ടെണ്ടർ ഫാറം വില കുറഞ്ഞ നിരക്കിൽ വാങ്ങിയതിനാൽ ഗ്രാമപഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായിട്ടുണ്ട്.വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമനം. | പ്രവൃത്തിയുടെ പേര് | സാധനവില (എസ്റ്റിമേറ്റ് പ്രകാരം) | ഈടാക്കേണ്ട ടെണ്ടർ ഫാറം വില (0.2% Minimum 400/- +GST(12%)+Flood Cess (1%) | ഈടാക്കിയത് | വിൽപ്പന നടത്തിയ ടെണ്ടർ ഫാറങ്ങളുടെ എണ്ണം, മറ്റ് വിവരം | കുറവ് |
|---|---|---|---|---|---|---|
| 1 | മാമ്പൊയിൽ ചിറാപുഞ്ചി റോഡ് കോൺക്രീറ്റ് | 356586 | 700+84+7=791 (791x2-1582) | 200+24=224 (224x2=448) | 1.ജോ സെബാസ്റ്റ്യൻ 2.ബെന്നിച്ചൻ. കെ.വി | 1000 +120+14=1134 |
| 2 | പുൽക്കയംപടി തടത്തേൽപ്പടി റോഡ് കോൺക്രീറ്റ് | 356586 | 700+84+7=791 (791x2=1582) | 200+24=224 (224x2=448) | 1.റോയ് ദേവസ്യ 2.തോമസ് ടി 1000 +120+14=1134 | 1000 +120+14=1134 |
| 3 | പൂവൻചാൽ തെയ്യക്കളം തയ്യിൽ മല കോളനി റോഡ് കോൺക്രീറ്റ് | 356586 | 700+84+7=791 (791x2=1582) | 200+24=224 (224x2=448) | 1.ടി ജെ ജയിംസ് 2.ഉദയഭാനു.കെ.കെ | 1000 +120+14=1134 |
| 4 | മണക്കടവ്-കൊച്ചപ്ലാക്കൽപ്പടി ഉരുവൻകരി യുവശക്തി റോഡ് കോൺക്രീറ്റ് | 289726 | 600+72+6=678 (678x2=1356) | 200+24=224 (224x2=448) | 1.ശശിധരൻ.കെ.കെ 2.സദാനന്ദൻ പാട്ടുവേലിൽ | 800+96+12=908 |
| 5 | കാവുങ്ങോട്ട് പടി കുരിശുമല റോഡ് കോൺക്രീറ്റ് | 356586 | 700+84+7=791 (791x2=1582) | 200+24=224 (224x2=448) | 1.ജോ സെബാസ്റ്റ്യൻ 2.ബിജു.കെ.വി | 1000 +120+14=1134 |
| 6 | എളമ്പേൽപ്പടി അമ്പലപ്പടി റോഡ് കോൺക്രീറ്റ് | 356586 | 700+84+7=791 (791x2=1582) | 200+24=224 (224x2=448) | 1.ചാക്കോ അഗസ്റ്റി 2.തോമസ് മൈലപ്പറമ്പിൽ | 1000 +120+14=1134 |
| 7 | മണ്ണാത്തിക്കുണ്ട് കൊടക്കനാപ്പടി റോഡ് കോൺക്രീറ്റ് | 356586 | 700+84+7=791 (791x2=1582) | 200+24=224 (224x2=448) | 1.ടോമി ലൂക്കോസ് 2.പ്രിൻസ് ദേവസി | 1000 +120+14=1134 |
| 8 | മഠംപടി അരിവിളഞ്ഞ പൊയിൽ റോഡ് കോൺക്രീറ്റ് | 356586 | 700+84+7=791 (791x2=1582) | 200+24=224 (224x2=448) | 1.ജോർജ്ജ് തോമസ് 2.കെ.എം വർക്കി | 1000 +120+14=1134 |
| 9 | കാക്കത്തുരുത്തേൽ പടി കോളിയാട്ട്മല റോഡ് കോൺക്രീറ്റ് | 356586 | 700+84+7=791 (791x2=1582) | 200+24=224 (224x2=448) | 1.ജോസ് കെ.ജെ 2.ഷിബിൻ.പി എസ് | 1000 +120+14=1134 |
| 10 | മണക്കടവ് പള്ളിക്കുന്ന് | 280069 | 600+72+6=678 (678x2=1356) | 200+24=224 (224x2=448) | 1.സിജിൻ ജോസഫ് തോമസ് | 1000 +120+14=1134 |

| | | | | | | |
|---|---|---|---|---|---|---|
| | കരിശ്ശുമല റോഡ് കോൺക്രീറ്റ് | | | | ഇടത്തിനകം | |
| 11 | ശാന്തിപുരം മണ്ണാത്തിക്കുണ്ട് റോഡ് കോൺക്രീറ്റ് | 356586 | 700+84+7=791 (791x2=1582) | 200+24=224 (224x2=448) | 1.ജോർജ്ജ് തോമസ് കെ വി ബാബു.ക | 1000 +120+14=1134 |
| 12 | മണ്ണാത്തിക്കുണ്ട് ചേനാട്ട് കൊല്ലി റോഡ് കോൺക്രീറ്റ് | 356856 | 700+84+7=791 (791x2=1582) | 200+24=224 (224x2=448) | 1.ജിൻസ് ഐസക് 2.ആന്റണി പുത്തൻപുരയ്ക്കൽ | 1000 +120+14=1134 |
| 13 | കൊച്ചുപ്ലാക്കൽപ്പടി കോറോപ്പള്ളി റോഡ് കോൺക്രീറ്റ് | 209347 | 400+48+4=452 (452x2=904) | 200+24=224 (224x2=448) | 1.ബിജുകുമാർ.പി.പി 2.എം.സി ജോസ് | 400+48+8=456 |
| 14 | ശാന്തിപുരം മണ്ണാത്തിക്കുണ്ട് റോഡ് കോൺക്രീറ്റ് | 331335 | 700+84+7=791 (791x2=1582) | 200+24=224 (224x2=448) | 1.ജോർജ്ജ് തോമസ് കെ വി ബാബു. 1000 +120=1120 | 1000 +120+14=1134 |
| 15 | ഇരട്ടപ്പാലം കോട്ടയിൽപ്പടി റോഡ് കോൺക്രീറ്റ് | 331345 | 700+84+7=791 (791x2=1582) | 200+24=224 (224x2=448) | 1.തങ്കച്ചൻ അലകനാൽ 2.ശിവൻ തേക്കും കൂട്ടത്തിൽ | 1000 +120+14=1134 |
| 16 | ചെമ്മരപ്പള്ളി മല റോഡ് കോൺക്രീറ്റ് | 331342 | 700+84+7=791 (791x2=1582) | 200+24=224 (224x2=448) | 1.ലിജോ ജോസ് 2.ബിജിത്ത് രവീന്ദ്രൻ | 1000 +120+14=1134 |
| 17 | തുണ്ടിപ്പടി കരിശുകുന്നേൽ പ്പടി റോഡ് കോൺക്രീറ്റ് | 331345 | 700+84+7=791 (791x2=1582) | 200+24=224 (224x2=448) | 1.മാത്യു പാലപ്പള്ളിൽ 2.വിനമോൻ.കെ.ജെ | 1000 +120+14=1134 |
| 18 | ശ്രീഗിരി ജോസ് ഗിരി റോഡ് കോൺക്രീറ്റ് | 331346 | 700+84+7=791 (791x2=1582) | 200+24=224 (224x2=448) | 1.ജോൺ.കെ.സി 2.തോമസ് ജോൺ | 1000 +120+14=1134 |
| 19 | കാപ്പിമല രത്നഗിരി റോഡ് കോൺക്രീറ്റ് | 361908 | 700+84+7=791 (791x2=1582) | 200+24=224 (224x2=448) | 1.പി.എ തങ്കച്ചൻ 2.ജോസ് വരിക്കമാക്കേൽ | 1000 +120+14=1134 |
| 20 | എം ജി റോഡ് എടക്കരപ്പടി റോഡ് കോൺക്രീറ്റ് | 272771 | 500+60+5=565 (565x2=1130) | 200+24=224 (224x2=448) | 1.പി.എ തങ്കച്ചൻ 2.ജോസ് വരിക്കമാക്കേൽ | 600+72+10=682 |
| 21 | മൂരിക്കടവ് മാമ്പുഴക്കൽ പടി റോഡ് കോൺക്രീറ്റ് | 379359 | 800+96+8=904 (904x2=1808) | 200+24=224 (224x2=448) | 1.പി.എ തങ്കച്ചൻ 2.ജോസ് വരിക്കമാക്കേൽ | 1200+144+16 =1360 |
| 22 | മൂന്നാം തോട് ഹിൽടോപ്പ് റോഡ് | 331345 | 700+84+7=791 (791x2=1582) | 200+24=224 (224x2=448) | 1.തോംസൺ മണ്ടപത്തിൽ | 1000 +120+14=1134 |

| | | | | | | |
|---|---|---|---|---|---|---|
| | കോൺക്രീറ്റ് | | | | 2.ജെയിംസ് വി.സി | |
| 23 | പൂവഞ്ചാൽ ആദിച്ചൻ കോളനി റോഡ് കോൺക്രീറ്റ് | 230513 | 500+60+5=565 (565x2=1130) | 200+24=224 (224x2=448) | 1.ബാബു.ഒ എ 2.ജോർജ്ജ് പള്ളിപ്പാട്ട് | 600 +72+10=682 |
| | ആകെ | | | | | 21400+2568+ +306=24274 |

**(വില-21400,ജി എസ് ടി=2568,സെസ്-306)**

ടെണ്ടർ ഫാറം വിലയിനത്തിൽ കുറവു വന്ന തുക ₹ 24274 ഈടാക്കേണ്ടതും ജി എസ് ടി (₹2568) , സെസ്(306) ഇനങ്ങളിൽ വരുന്ന തുക അതാത് ഹെഡുകളിലേക്ക് ഒടുക്കേണ്ടതുമാണ്.ടെണ്ടർ ഫോറം സ്റ്റോക്ക് & സെയിൽ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും ടെണ്ടർ ഫാറം കരാറുകാർക്ക് നൽകുന്നതിന്റെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.എം എൻ ആർ ഇ ജി എസ് മെറ്റീരിയൽ പ്രവൃത്തികളുടെ ഫയലിൽ നിന്നും ടെണ്ടർ രജിസ്റ്ററിൽ നിന്നും ലഭ്യമായ വിവരങ്ങൾ മാത്രം അടിസ്ഥാനമാക്കിയാണ് മേൽപട്ടിക പ്രകാരമുള്ള കണക്കുകൾ തയ്യാറാക്കിയത്.2018-19 സാമ്പത്തികവർഷത്തിലും 2020-21, 2021-22 സാമ്പത്തികവർഷത്തിലും കുറഞ്ഞ നിരക്കിലാണ് ടെണ്ടർ ഫാറം കരാറുകാർക്ക് നൽകിയിട്ടുള്ളത്. ആയത് പരിശോധിച്ച് കുറവ് വന്ന തുക ഈടാക്കേണ്ടതാണ്.

## 1-6-4 സാധനസാമഗ്രികളുടെ കൈമാറ്റം-രേഖകൾ സൂക്ഷിക്കുന്നില്ല.

സാധനസാമഗ്രികൾ വിതരണത്തിന് കരാർ എടുത്തവർ പ്രവർത്തി സ്ഥലങ്ങളിൽ സാധനങ്ങൾ ഇറക്കേണ്ടതും തൊഴിലുറപ്പ് അസി.എഞ്ചിനീയർ അവ കൈപ്പറ്റേണ്ടതുമാണ്. തുടർന്ന് ഇവ അതാത് തൊഴിലുറപ്പ് മെയ്റ്റമാർക്ക് കൈമാറേണ്ടതും അവർ മുകളിൽ സൂചിപ്പിച്ച സർക്കാർ ഉത്തരവിലെ അനുബന്ധം 6 പ്രകാരമുള്ള ഫോറത്തിൽ സ്റ്റോക്ക് രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ഏതൊക്കെ സാധനങ്ങൾ എത്രയൊക്കെ അളവിൽ ലഭ്യമായെന്ന് കാണിക്കുന്ന രേഖകൾ (സാധനങ്ങൾ സ്റ്റാക്ക് ചെയ്ത് അളവുകൾ രേഖപ്പെടുത്തിയിട്ടില്ല) ഫയലിൽ ലഭ്യമല്ല. ഇക്കാരണത്താൽ ആവശ്യമായ അളവിൽ സാധനങ്ങൾ ലഭ്യമായിട്ടുണ്ടെന്നും അവ കൃത്യമായി സൂക്ഷിക്കപ്പെട്ടിട്ടുണ്ടെന്നും ഉപയോഗിച്ചിട്ടുണ്ടെന്നും പരിശോധിച്ച് ഉറപ്പാക്കുന്നതിന് സാധിക്കുന്നില്ല.

## 1-6-5 കരാറുകാരിൽ നിന്നും ഇ എം ഡി വാങ്ങിയിട്ടില്ല.

സാധനവിലയുടെ 2.5 % വരുന്ന തുക ഇ എം ഡി യായി ഒടുക്കേണ്ടതായിരുന്നുവെങ്കിലും ഇ എം ഡി യായി തുക വാങ്ങിയിട്ടില്ല. ഇ എം ഡി ഒടുക്കാത്ത ടെണ്ടർ പരിഗണിച്ചത് ക്രമപ്രകാരമല്ല.

## 1-6-6 കരാറുകാരിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് വാങ്ങിയിട്ടില്ല.

സാധനവിലയുടെ 5% വരുന്ന തുക സെക്യൂരിറ്റി ഡെപ്പോസിറ്റായി ഈടാക്കാതിരുന്നതും അപാകമാണ്. സെക്യൂരിറ്റി ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

## 1-6-7 ദർഘാസ് പ്രമാണങ്ങളുടെ വില്പന -സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ദർഘാസ് പ്രമാണങ്ങളുടെ വില്പന സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്ററും ടെണ്ടർ ഫോറം സ്റ്റോക്ക് & സെയിൽ രജിസ്റ്ററും സൂക്ഷിച്ചിട്ടില്ല. 2021-22സാമ്പത്തിക വർഷത്തിൽ എം.എൻ.ആർ.ഇ.ജി സെക്ഷനിൽ പ്രത്യേകമായി ടെണ്ടർ ഫോറം സ്റ്റോക്ക് & സെയിൽ രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും മുൻവർഷങ്ങളിൽ സൂക്ഷിക്കാതിരുന്നതിനാൽ ടെണ്ടർ ഫാറം വിതരണത്തിന്റെ കൃത്യത പരിശോധിക്കുവാനായിട്ടില്ല.

## 1-6-8 മസ്റ്റർ റോൾ കൈകാര്യം ചെയ്യുന്നതിലെ അശ്രദ്ധ.

മണക്കടവ് കൊച്ചുപ്ലാക്കൽപ്പടി ഉരുവൻകരി യുവശക്തി റോഡ് കോൺക്രീറ്റ് (വർക്ക് കോഡ്-1602011009/RC/306238) പ്രവൃത്തിയുടെ മസ്റ്റർ റോളിൽ മേറ്റ് ഒപ്പ് വയ്ക്കേണ്ട സ്ഥലത്ത് കരാറുകാരനാണ് ഒപ്പ് വെച്ചിട്ടുള്ളത്. പ്രസ്തുത പ്രവൃത്തിയുടെ മേറ്റ് ബീന സുരേഷ് എന്നവരായിരുന്നുവെന്നും രേഖകളിൽ കരാറുകാരൻ മാറി ഒപ്പിട്ട് പോയതായിരുന്നുവെന്നുമാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നമ്പർ-12/11-02-2022) മറുപടിയിൽ ഗ്രാമപഞ്ചായത്ത് അറിയിച്ചത്. തൊഴിലുറപ്പ് പദ്ധതിയുടെ സുപ്രധാന രേഖകൾ അലക്ഷ്യമായി കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനായി ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-6-9 റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ-എസ്റ്റിമേറ്റിൽ ചെയിനേജ് രേഖപ്പെടുത്തുന്നില്ല.

മഹാത്മഗാന്ധി ദേശീയഗ്രാമീണതൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ മെറ്റീരിയൽ പ്രവൃത്തികളിൽ ഭൂരിഭാഗവും റോഡ് കോൺക്രീറ്റ് പ്രവൃത്തികളാണ്. പ്രസ്തുത പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ ഭൂരിഭാഗവും തയ്യാറാക്കിയത് റോഡ് ചെയിനേജ് രേഖപ്പെടുത്താതെയാണ്. ഇതേ റോഡുകളിൽ തന്നെ മറ്റ് ഫണ്ടുകൾ പ്രയോജനപ്പെടുത്തി ഗ്രാമപഞ്ചായത്ത് പ്രവൃത്തികൾ നടപ്പിലാക്കുന്നതിനാൽ റോഡ് ചെയിനേജ് എസ്റ്റിമേറ്റിൽ രേഖപ്പെടുത്തേണ്ടത് അനിവാര്യമാണ്. ഇക്കാര്യം ഉചിതമായ നടപടികൾക്കായി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-6-10 മെറ്റിരീയൽ പ്രവൃത്തികളുടെ പർച്ചേസ് ബില്ലുകൾ സാക്ഷ്യപ്പെടുത്തി പാസാക്കാതെ തുക അനുവദിക്കുന്നത് ക്രമപ്രകാരമല്ല.

മെറ്റീരിയൽ തുക അനുവദിക്കുന്നതിന് മുൻപ് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ പർച്ചേസ് ബില്ലുകൾ പരിശോധിച്ച് തുക പാസാക്കിയതായി സാക്ഷ്യപ്പെടുത്തിയിട്ടില്ല. മെറ്റിരീയൽ പ്രവൃത്തികളുടെ പർച്ചേസ് ബില്ലുകൾ സാക്ഷ്യപ്പെടുത്തി പാസാക്കാതെ തുക അനുവദിക്കുന്നത് ക്രമപ്രകാരമല്ല. മെറ്റിരിയൽ പ്രവൃത്തികളുടെ പർച്ചേസ് ബില്ലുകൾ പരിശോധിച്ച് ആധികാരികതയും കൃത്യതയും ഉറപ്പ് വരുത്തി പാസാക്കിയ ശേഷം മാത്രം ബില്ലുകൾ അനുവദിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-6-11 തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായുള്ള പൊതു ആസ്തികളുടെ നിർമ്മാണം- ഗ്രാമപഞ്ചായത്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി അപ്ഡേറ്റ് ചെയ്യുന്നില്ല.

മഹാത്മഗാന്ധി ദേശീയഗ്രാമീണതൊഴിലുറപ്പ് പദ്ധയിയുടെ ഭാഗമായുള്ള പൊതു ആസ്തികളുടെ നിർമ്മാണവിവരങ്ങൾ സെക്യൂർ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് ആസ്തിരജിസ്റ്ററിൽ (സചിത്ര സോഫ്റ്റ് വെയറിൽ) രേഖപ്പെടുത്തി കാലികമാക്കുന്നില്ല. ഗ്രാമപഞ്ചായത്ത് പൊതുമരാമത്ത് പദ്ധതികളുടെ ആസൂത്രണത്തിൽ ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടത് അനിവാര്യമായ ഘടകമായിരിക്കെ ആസ്തി രജിസ്റ്റർ കാലികമാക്കാതിരുന്നത് വീഴ്ചയാണ്. 2019-20 വർഷത്തിലുൾപ്പെടെ സൃഷ്ടിച്ച ഇതുവരെയായി പദ്ധതിയുടെ ഭാഗമായി സൃഷ്ടിച്ച പൊതു ആസ്തികളുടെ വിവരങ്ങൾ രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 24360 | 16 |
| കർഷകതൊഴിലാളി പെൻഷൻ | 1471200 | 616 |
| വിധവാ പെൻഷൻ | 3474600 | 616 |
| വാർദ്ധക്യകാല പെൻഷൻ | 11603100 | 1957 |
| ഭിന്നശേഷി പെൻഷൻ | 1308400 | 227 |
| വിവാഹ ധനസഹായം | 90000 | 3 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 173400 | 30 |

## 1-7-1 സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണപ്പെട്ടതിന് ശേഷവും പെൻഷൻ തുക നൽകുന്നു.

ഗ്രാമപഞ്ചായത്തിലെ ഡെത്ത് രജിസ്റ്റർ പ്രകാരമുള്ള, മരണപ്പെട്ട വ്യക്തികളുടെ ആധാർ നമ്പർ സേവന വെബ്സൈറ്റിലെ വിവരങ്ങളുമായി ഒത്തു നോക്കിയപ്പോൾ താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ തുക കൈമാറ്റം ചെയ്യപ്പെട്ടതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട് .

| ക്രമ നമ്പർ | പേര് | പെൻഷനർ | ആധാർ നമ്പർ | മരണപ്പെട്ട | തദ്ദേശ സ്ഥാപനം | തുക നല്കിയതിന്റെ | പെൻഷൻ തരം |
|---|---|---|---|---|---|---|---|

| | | ഐ ഡി | | തീയതി | | വിവരം | |
|---|---|---|---|---|---|---|---|
| 1 | അപ്പച്ചൻ | 2220250142 | 521406 092884 | 30-4-20 | ഉദയഗിരി ഗ്രാമ പഞ്ചായത്ത് കൃഷി ഓഫീസ് | 9/20വരെതുക അക്കൗണ്ടിൽ നിക്ഷേപിച്ച | അഗ്രികൾച്ചറൽ പെൻഷൻ |
| 2 | പുരുഷോത്തമൻ നായർ.എം.കെ | 111010200425 | 956006912355 | 1-2-20 | രാമന്തളി ഗ്രാമ പഞ്ചായത്ത് | 12/21 വരെ അക്കൗണ്ടിൽ നിക്ഷേപിച്ച | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ |

ധനകാര്യ വകുപ്പിന്റെ 26.07.18 ലെ സർക്കുലർ നമ്പർ 69/18 ൽ മരണപ്പെട്ടവരുടെയും പുനർ വിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി വർക്കർമാരുടെയും ആശാവർക്കർമാരുടെയും സഹായത്തോടെ ശേഖരിച്ച് അതാത് മാസം തന്നെ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കാൻ സെക്രട്ടറിമാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കാനും പ്രസ്തുത സർക്കുലറിൽ നിർദ്ദേശമുണ്ട്. പ്രസ്തുതനടപടിക്രമങ്ങൾ പാലിച്ച് മേൽ പറഞ്ഞവരെ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കാത്തതിന് കാരണം വിശദമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (8/8-2-22)മറുപടി ലഭ്യമാക്കിയതിൽ ക്രമ നമ്പർ ഒന്നിലെ ഗുണഭോക്താവിന്റെ വിവരങ്ങൾ ഉദയഗിരി ഗ്രാമ പഞ്ചായത്ത് കൃഷി ഓഫീസർക്ക് നല്കിയിട്ടുണ്ട് എന്നും,ക്രമ നമ്പർ രണ്ടിലെ ഗുണഭോക്താവിന്റെ പെൻഷൻ സസ്പെന്റ് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി രാമന്തളി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് 10-2-22 ലെ നം .ബി 3-30/22 കത്ത് നൽകിയിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്. ഉദയഗിരി ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താക്കൾക്ക് അധികം നൽകിയ പെൻഷൻ തുക തിരികെ ഈടാക്കേണ്ടതില്ല. രാമന്തളി ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താവിന് അധികം നൽകിയ പെൻഷൻ തുക തിരികെ ഈടാക്കേണ്ടതും നിർദ്ദേശം നൽകേണ്ടതുമാണ്. തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.02.2022 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 17500രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു .

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണസംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ നിർമ്മാണം /വിപുലീകരണം നടത്തുകയും പിന്നീട് ക്രമവൽക്കരണം നടത്തി നികുതി ഈടാക്കുന്നുണ്ട്.എന്നാൽ ഇത്തരം നിർമ്മാണപ്രവർത്തനങ്ങൾ യഥാസമയം കണ്ടെത്തി റിപ്പോർട്ട്ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. അനധികൃത കെട്ടിട നിർമ്മാണങ്ങൾ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങളൊന്നും തന്നെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി യോഗങ്ങളിൽ ഉയർന്നു വന്നിട്ടില്ല.നികുതികളും ഫീസുകളും പിരിച്ചെടുക്കുവാൻ ബാക്കിയുണ്ട്.കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സമയബന്ധിതമായ നടപടികൾ സ്വീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികൾ തന്നെയും വീഴ്ചവരുത്തിയിട്ടുണ്ട്. ചെലവഴിച്ച പദ്ധതിപ്പണം സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്താൻ സ്ഥാപനതലത്തിൽ ഏർപ്പെടുത്തിയ കൺട്രോളിംഗ് സംവിധാനം ഇത് മൂലം ഫലപ്രദമായില്ല.സെക്രട്ടറി ഉൾപ്പെടെയുള്ള നിർവഹണഉദ്യോഗസ്ഥരുടെ പ്രൊജക്ടുകളുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾ പരിഹരിക്കുന്നതിനായി താഴെ പറയുന്ന ക്രമീകരണങ്ങൾ നിയന്ത്രണ സംവിധാനങ്ങളിൽ വരുത്തേണ്ടതുമാണ്.

എ) നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

ബി) കെട്ടിടനിർമ്മാണം, മാലിന്യസംസ്കരണം, ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേല്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം ഓഫീസ് ഉത്തരവ് മുഖേന ഫീൽഡ് സ്ററാഫിനെ ഏല്പിക്കുന്ന ചുമതലകൾ നിർവഹിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതും റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

പെർഫോമൻസ് ഓഡിറ്റിന്റെ ഭാഗമായുള്ള ഏറ്റവും ഒടുവിലത്തെ (ഒക്ടോബർ,നവംബർ2021) റൂട്ടീൻ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം **2020 നവംബർ മാസം മുതലുള്ള 14** ആക്ഷൻ പോയിന്റുകളിൽ നടപടി സ്വീകരിച്ച് തീർപ്പാക്കുവാൻ ബാക്കിയുണ്ട്.അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ മുഴുവൻ തീർപ്പാക്കിയിട്ടുണ്ട്.

## 1-11 ലോഡ്ജിംഗ് റൂമുകൾക്കും ഷോപ്പിംഗ് റൂമുകൾക്കും പാർപ്പിടാവശ്യത്തിനുള്ള നിരക്കിൽ നികുതി നിർണ്ണയം നടത്തിയത് ക്രമപ്രകാരമല്ല.വസ്തുനികുതി ചുമത്തിയതിൽ കുറവ് വന്ന 7419/- രൂപയുടെ നഷ്ടം ഈടാക്കേണ്ടതാണ്.

ഫയൽ നമ്പർ-A2-5216/19

2011 - ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങൾ പ്രകാരം ഗ്രാമ പഞ്ചായത്ത് നികുതി നിരക്കുകൾ നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ പാർപ്പിടാവശ്യത്തിനുള്ള അടിസ്ഥാനവസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 5/-രൂപയും ലോഡ്ജിംഗ് റൂമുകൾക്ക് ചതുരശ്രമീറ്ററിന് 30/-രൂപയും വാണിജ്യാവശ്യത്തിനുള്ള (100m2 ന് മുകളിൽ) ഷോപ്പ് മുറികൾക്ക് ചതുരശ്രമീറ്ററിന് 50/-രൂപയും ആണ്. തൻ വർഷത്തെ പുതിയ കെട്ടിടങ്ങളുടെ വസ്തുനികുതി അസസ് മെന്റ് രജിസ്റ്റർ, സഞ്ചയ പ്രകാരമുള്ള വസ്തു നികുതി നിർണ്ണയ പത്രിക (ഫോറം-6) എന്നിവ പരിശോധിച്ചപ്പോൾ ലോഡ്ജിംഗ്,ഷോപ്പിംഗ് ആവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക്, പാർപ്പിടാവശ്യങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള നികുതിയാണ് കണക്കാക്കിയിട്ടുള്ളത് എന്നു കാണുന്നു. ഫാദർ ജോഷി തോമസ് നിരപ്പേൽ എന്നവരുടെ ഉടമസ്ഥതയിലുള്ള ആറാം വാർഡിലുൾപ്പെടുന്ന റെസിഡൻഷ്യൽ കം കമ്മേഴ്സ്യൽ ബിൽഡിംഗിന്റെ അംഗീകരിച്ച കംപ്ലീഷൻ പ്ലാൻ പ്രകാരം ഒന്നാം നിലയിലെ 7 ലോഡ്ജിംഗ് റൂമുകളും (വിസ്തീർണ്ണം -207.94 $M^2$, കെട്ടിടനമ്പർ-UP 6-50 N ) 2 ഷോപ്പ് റൂമുകളും (വിസ്തീർണ്ണം -15.34 $M^2$, കെട്ടിടനമ്പർ-UP 6-50 N) ഉൾപ്പെടുന്നുണ്ട്. വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് ചതുരശ്രമീറ്ററിന് 50/-രൂപ നിരക്കിലും ലോഡ്ജിംഗ് റൂമുകൾക്ക് ചതുരശ്രമീറ്ററിന് 30/-രൂപ നിരക്കിലും നികുതി ചുമത്തേണ്ടതിന് പകരം ചതുരശ്രമീറ്ററിന് 5/-രൂപ നിരക്കിലാണ് (ആകെ 223.28 $M^2$) 2019-2020 സാമ്പത്തികവർഷം ഒന്നാം അർദ്ധവർഷം മുതൽ വസ്തു നികുതി നിർണ്ണയം നടത്തി നികുതി ചുമത്തിയിട്ടുള്ളത്. ചുമത്തേണ്ടിയിരുന്ന നികുതി ചുവടെ കൊടുക്കുന്നു.

ലോഡ്ജിംഗ് റൂമുകൾക്ക്

| | |
|---|---|
| അടിസ്ഥാനനികുതി 207.94 X30 | 6238 |
| വർദ്ധന (20%) | 1248 |
| വാർഷികവസ്തുനികുതി | 7486 |
| ലൈബ്രറി സെസ് (5%) | 374 |
| ആകെ | 7860 |

ഷോപ്പ് റൂമുകൾക്ക്

| | |
|---|---|
| അടിസ്ഥാനനികുതി 15.34 X50 | 767 |
| വർദ്ധന (20%) | 153 |
| വാർഷികവസ്തുനികുതി | 920 |
| ലൈബ്രറി സെസ് (5%) | 46 |
| ആകെ | 966 |

വസ്തുനികുതി ചുമത്തിയതിലെ ആകെ കുറവ്

| | |
|---|---|
| ചുമത്തിയ വസ്തു നികുതി | 1407 |
| ചുമത്തേണ്ടത് (7860+966) | 8826 |
| കുറവ് വന്ന തുക | 7419 |

ഒന്നാം നിലയിലെ ഷോപ്പ് റൂമുകൾക്കും ലോഡ്ജിംഗ് റൂമുകൾക്കും ഒരേ കെട്ടിടനമ്പറാണ് അനുവദിച്ചിട്ടുള്ളത്. വസ്തുനികുതി ചുമത്തിയതിലെ കുറവ് വന്ന 7419/-രൂപയുടെ നഷ്ടം ഈടാക്കേണ്ടതാണ്. ഒന്നാം നിലയിലെ ഷോപ്പ് റൂമുകൾക്കും ലോഡ്ജിംഗ് റൂമുകൾക്കും ഒരേ കെട്ടിടനമ്പർ അനുവദിച്ചത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്. വസ്തുനികുതി നിർണ്ണയത്തിൽ സമാനരീതിയിലുള്ള പിഴവുകൾ ഉണ്ടെങ്കിൽ ആയത് പരിശോധിച്ച് നഷ്ടം ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-12 വസ്തുനികുതി-ഭേദഗതി ഉത്തരവുകൾ പ്രകാരമുള്ള നിരക്ക് വിജ്ഞാപനം ചെയ്ത് സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല.

കെട്ടിടങ്ങളുടെ വസ്തുനികുതി ചുമത്തുന്നതുമായി ബന്ധപ്പെട്ട് സ.ഉ (അ)19/2011/തസ്വഭവ തീയതി 14-1-2011 പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ ചില വിഭാഗങ്ങൾ കൂടി ഉൾപ്പെടുത്തി സ.ഉ(അ) നമ്പർ 36/2015/തസ്വഭവ തീയതി 24-2-2015 , സ.ഉ(അ) നമ്പർ 53/2020/തസ്വഭവ തീയതി 20-9-2020 എന്നീ ഉത്തരവുകൾ പ്രകാരം ഭേദഗതി വരുത്തിയിട്ടുണ്ട്.ആയത് പ്രകാരം സ്വകാര്യ ഹോസ്റ്റൽ, ഹോം സ്റ്റേ, വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൌണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ ഓഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ് , മൈക്രോ, സ്മാൾ ആന്റ് മീഡിയം എന്റർ പ്രൈസസ് ഡവലപ്മെന്റ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ, ആയുർവേദ സുഖ ചികിത്സാകേന്ദ്രങ്ങൾ, റസിഡൻഷ്യൽ ഹോം സ്റ്റേ എന്നീ വിഭാഗങ്ങളിൽ പെടുന്ന കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കൂടിയതും കുറഞ്ഞതുമായ നിരക്ക് എത്രയാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനനുസരിച്ച് ഓരോ പഞ്ചായത്തും അതത് പഞ്ചായത്തുകൾക്ക് ബാധകമാവുന്ന അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ച് വിജ്ഞാപനം ചെയ്യേണ്ടതാണ്. എന്നാൽ നിലവിൽ ഇപ്രകാരം വിജ്ഞാപനം ചെയ്തിട്ടില്ല. ഭേദഗതി ഉത്തരവ് പ്രകാരമുള്ള അടിസ്ഥാന നിരക്ക് വിജ്ഞാപനം ചെയ്ത് സഞ്ചയയിൽ രേഖപ്പെടുത്തുന്നതിന് സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളിൽ വസ്തുനികുതി ബാധകമാക്കേണ്ട കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയതിന്റെ വിവരങ്ങൾ ലഭ്യമല്ല.

ഗ്രാമപഞ്ചായത്തിൽ 100 ചതുരശ്രമീറ്ററിന് താഴെയുള്ള കെട്ടിടനിർമ്മാണങ്ങൾക്ക് എൻ.ഒ.സി അനുവദിച്ച് വരുന്നുണ്ട്. എന്നാൽ എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളിൽ വസ്തുനികുതി ബാധകമാക്കേണ്ടവയിൽ (60m2 ന് മുകളിലുള്ള തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ) വിരലിലെണ്ണാവുന്ന കെട്ടിടങ്ങൾക്ക് മാത്രമാണ് നികുതി ചുമത്തിയതായി എൻ.ഒ.സി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളൂ.എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളിൽ നികുതി വസ്തുനികുതി ബാധകമാക്കേണ്ടവയിൽ നികുതി ചുമത്തിയിട്ടുണ്ടോയെന്ന് വ്യക്തമല്ല. ഗ്രാമപഞ്ചായത്തിൽ എൻ.ഒ.സി അനുവദിച്ച മുഴുവൻ കെട്ടിടങ്ങൾക്കും നമ്പർ അനുവദിച്ചതിന്റെ വിവരം എൻ.ഒ.സി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്. എൻ.ഒ.സി ലഭിച്ചതിന് ശേഷം കെട്ടിടനിർമ്മാണം പൂർത്തീകരിച്ച് ഗ്രാമപഞ്ചായത്തിനെ അറിയിക്കാതെയിരിക്കുന്ന സാഹചര്യമുണ്ടോയെന്ന് ഫീൽഡ് തലത്തിൽ പരിശോധന നടത്തി നിരീക്ഷിക്കേണ്ടതും തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-14 തൊഴിൽ നികുതി അപാകതകൾ

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും,ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ ജോലിയിലോ ഏർപ്പെടുകയോ പൊതുവായോ, സ്വകാര്യമായോ എന്തെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന 1994 ലെ കേരളപഞ്ചായത്ത് രാജ് നിയമം204ാം വകുപ്പ്, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം3,4 എന്നിവ അനുശാസിക്കുന്നു. എന്നാൽ 2019-20 സാമ്പത്തിക വർഷത്തിലെ തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട രജിസ്റ്റർ, ഫയൽ എന്നിവ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച വരുന്ന താഴെ പറയുന്ന ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

1) ധന്യ ഫിനാൻസ് -മണക്കടവ്

2) സോന ഫിനാൻസ് -മണക്കടവ്

3)സൂര്യ ഫിനാൻസ് -കാർത്തികപുരം

4) അതുല്യഫിനാൻസ് -കാർത്തികപുരം

മേൽ സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും 2018-19 വർഷത്തെ തൊഴിൽ നികുതി പിരിച്ചെടുക്കാനും, നോട്ടീസ് നൽകി തുടർ നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി കൊണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 28/11/2018 ലെ 58/2018 നമ്പർ പ്രകാരം തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ സ്ഥാപനങ്ങളിൽ നിന്നും 2019-20 വർഷവും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. മേൽ വിഷയം സംബന്ധിച്ച് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (3/07-02-2022) ലഭ്യമാക്കിയ മറുപടിയിൽ മേൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങൾക്ക് കാലാകാലങ്ങളിൽ നോട്ടീസ് നൽകി വരുന്നുണ്ടെങ്കിലും നാളിതുവരെ മേൽ സ്ഥാപനങ്ങൾ തൊഴിൽ നികുതി ഒടുക്കാത്തതിനാൽ നിയമനടപടികൾ സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 ഇ -ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചില്ല.

28/9/13-ലെ ജി.ഒ (എം.എസ്) 318/2013/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീ എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും, ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു.ഇപ്രകാരം ക്രെഡിറ്റ് ചെയ്യപ്പെട്ട ടെണ്ടർ ഫാറം വിലയിനത്തിലെ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് ഇതുവരെ ലഭിച്ചിട്ടില്ല. 2015-16 വർഷം മുതലുള്ള തുകകൾ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനമാണിത്. അസി. എൻജിനീയർ നടപ്പിലാക്കിയ പ്രവൃത്തികൾക്ക് 2015-16 മുതൽ 2019-20 വർഷം വരെ ഇ-പേയ്മെന്റ് സംവിധാനം മുഖേന കരാറുകാർ ടെണ്ടർ ഫീ ഇനത്തിൽ എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സീറോ ബാലൻസ് അക്കൌണ്ടിലേക്ക് ഒടുക്കിയ തുക, ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ച തുക, തിരികെ ലഭിക്കാനുള്ള തുക എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 17.08.2017-ലെ ഡി.ബി.1/7942/ 2010/സി.ഇ/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും (ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകൾ) എഞ്ചിനീയറിംഗ് വകുപ്പ് മേധാവികൾ ഇ-ടെണ്ടറുമായി ബന്ധപ്പെട്ട ഇടപാടുകൾ നടത്തുന്നതിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ഔദ്യോഗിക മേൽവിലാസത്തിൽ ഒരു കറന്റ് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ടെങ്കിലും (അക്കൗണ്ട് നമ്പർ-37863443765,സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,ആലക്കോട് ശാഖ) ഇടപാടുകൾ നടത്തുന്നില്ല. ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും ടെണ്ടർ ഫീ ഇനത്തിലെ തുക ഗ്രാമപഞ്ചായത്തിന് ലഭിക്കുന്നതിന് സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 യാത്രാബത്ത അനുവദിക്കുന്നതിൽ കൃത്യത ഉറപ്പുവരുത്തേണ്ടതാണ്

ജീവനക്കാരന്റെ ഓഫീസ് സ്ഥിതി ചെയ്യുന്ന ആസ്ഥാനകേന്ദ്രത്തിൽ നിന്ന് 8 കി മീറ്ററിൽ അധികമുള്ള ഔദ്യോഗിക യാത്രകൾക്ക് മാത്രമേ യാത്രപ്പടിയോ ദിനബത്തയോ മറ്റെന്തെങ്കിലും പ്രതിഫലമോ അനുവദിക്കൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ് (ചട്ടം 57,63 കെ എസ് ആർ വാല്യം 1, പാർട്ട് 2). പഞ്ചായത്തിലെ ജീവനക്കാർക്ക് യാത്രാ ബത്ത അനുവദിക്കുമ്പോൾ എല്ലാ യാത്രകളും ആരംഭിക്കുന്നതും അവസാനിക്കുന്നതുമായി യാത്രാ ബില്ലിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഗ്രാമപഞ്ചായത്ത് സ്ഥിതി ചെയ്യുന്ന കാർത്തികപുരം എന്ന സ്ഥലത്തിന് പകരം ഉദയഗിരി എന്ന സ്ഥലത്തു നിന്നാണ്. യാത്രാ ബത്ത ബില്ലുകളിൽ യാത്ര ആരംഭിക്കുന്ന സ്ഥലം ഉദയഗിരി എന്ന് രേഖപ്പെടുത്താനുണ്ടായ കാരണം അറിയിക്കുന്നതിനും. ഗ്രാമ പഞ്ചായത്ത് ആസ്ഥാനത്ത് നിന്നും ആലക്കോട് സബ്ട്രഷറിയിലേക്കും സ്റ്റേറ്റ് ബാങ്കിലേക്കുമുള്ള യഥാർത്ഥ ദൂരം എത്രയാണെന്നും (ഗൂഗിൾ റോഡ് മാപ്പ് പ്രകാരം 8 കിലോ മീറ്ററിന് അടുത്ത ദൂരമാണ് കാണിക്കുന്നത്) ആയതിന് ദിനബത്തക്ക് അർഹതയുണ്ടോയെന്ന് വ്യക്തമാക്കുന്നതിനും, ഗ്രാമപഞ്ചായത്ത് ആസ്ഥാനത്ത് നിന്ന് തളിപ്പറമ്പിലേക്കും കണ്ണൂരിലേക്കുള്ള യാത്രകളുടെ ദൂരം യഥാക്രമം 50 Km 100 Km എന്നും രേഖപ്പെടുത്തി ബില്ലുകൾ തയ്യാറാക്കി വരുന്നതിന് കാരണം അറിയിക്കുന്നതിനുമായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/14.2.22) മറുപടി ഹാജരാക്കിയിട്ടില്ല. ജീവനക്കാർ നടത്തുന്ന ഔദ്യോഗിക

യാത്രകൾക്ക് അർഹമായ ദിനബത്ത മാത്രമേ അനുവദിക്കുന്നുള്ളൂ എന്ന് ഉറപ്പുവരുത്തേണ്ടതും യാത്രാ ബില്ലുകളിൽ യഥാർത്ഥ ദൂരം രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-17 വാഹനങ്ങളുടെ പരിപാലനം - രജിസ്റ്ററുകൾ നിർദ്ദേശാനുസരണം സൂക്ഷിക്കേണ്ടതാണ്.

30-06-2007ലെ ജി.ഒ.(എം.എസ്.) 170/2007 ത.സ്വ.ഭ.വ.നമ്പർ ഉത്തരവ് പ്രകാരം ആറു മാസത്തിലൊരിക്കൽ ഓരോ വാഹനത്തിന്റെയും ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് സർക്കാരിന്റെ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് നടത്തിക്കേണ്ടതും ഇന്ധന ഉപയോഗത്തെ സംബന്ധിച്ച് ഒരു സർട്ടിഫിക്കറ്റ് ആ ഉദ്യോഗസ്ഥൻ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL-59-8842 നമ്പരിലുള്ള വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ 11.02.2019 ന് നടത്തിയതിന്റെ സാക്ഷ്യപത്രം മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. കൂടാതെ ലോഗ് ബുക്കും യഥാവിധി സൂക്ഷിച്ചതായി കാണുന്നില്ല. തൻമാസത്തെ ഇന്ധന ഉപയോഗത്തെ സംബന്ധിച്ചും യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്ത കുറിപ്പ് ലോഗ് ബുക്കിൽ തൻമാസത്തെ അവസാന ദിവസം തന്നെ രേഖപ്പെടുത്തേണ്ടതാണ് . സർക്കാർ ഉത്തരവിലെ മേൽ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് രേഖകൾ സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം 16/11.02.2022)

## 1-18 തെരുവ് വിളക്കുകളുടെ ചാർജ്ജ്- തുകയുടെ കൃത്യത ഉറപ്പുവരുത്തുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കേണ്ടതാണ്.

തെരുവ് വിളക്കുകളുടെ ചാർജ്ജിനത്തിൽ 07/2019 വരെ പ്രതിമാസം ₹6621 യും 08/19 മുതൽ പ്രതിമാസം ₹7294 യും തൻവർഷം ഒടുക്കിയിട്ടുണ്ട്. തെരുവ് വിളക്കിന്റെ ചാർജ്ജ് ഒടുക്കിവരുന്നത് പഞ്ചായത്ത് പരിധിയിൽ ഏതെല്ലാം വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകളുടെ ചാർജ്ജാണ് എന്ന് വ്യക്തമാക്കുന്ന തെരുവ് വിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. പ്രവർത്തനക്ഷമമമായ തെരുവ് വിളക്കുകൾക്കാണ് ചാർജ്ജ് ഒടുക്കി വരുന്നത് എന്ന് ഉറപ്പുവരുത്തുന്നതിനായി കെ എസ് ഇ ബി യുമായി നടത്തിയ സംയുക്ത പരിശോധന റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല. തെരുവ് വിളക്കുകൾക്ക് സർക്കാർ നിർദ്ദേശപ്രകാരം മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ളതിന്റെ വിവരവും ഹാജരാക്കിയിട്ടില്ല. മേൽ പരാമർശിച്ച രേഖകൾ ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (നം 15/11.02.2022)നൽകിയെങ്കിലും ഹാജരാക്കുകയുണ്ടായില്ല. രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-19 ഐ.കെ.എം വിഹിതം നല്കൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, ഉദയഗിരി ഗ്രാമപഞ്ചായത്ത് |
| പ്രോജക്റ്റിന്റെ നമ്പരും പേരും | 04/20 ഐ.കെ.എം വിഹിതം നല്കൽ |
| അടങ്കൽ | ₹ 71460 വികസനഫണ്ട് |
| ചെലവ് | ₹ 70923 വികസനഫണ്ട് |
| ബിൽ നമ്പർ/ തീയ്യതി | 22/16.12.2019 |

ഗ്രാമ പഞ്ചായത്തിന് ലഭിക്കുന്ന പ്ലാൻ ഫണ്ടിന്റെ 0.25% ഐ കെ എം ന്റെ പ്രവർത്തന ഫണ്ടിലേക്ക് മാറ്റി വെക്കണമെന്ന സ. ഉ. (സാധാ)നം 1228/16/തസ്വഭവ/08.03.2016 ലെ നിർദ്ദേശ പ്രകാരം ₹ 70923 ഐ.കെ.എമ്മിന് കൈമാറിയിട്ടുണ്ട്. ഐ.കെ.എമ്മിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 10/08.02.2022)മറുപടി ലഭ്യമാക്കിയില്ല.

## 1-20 കമ്പ്യൂട്ടറുകളുടെ എ.എം.സി - രേഖകൾ ഹാജരാക്കിയില്ല. .₹77,738 തടസ്സപ്പെടുത്തുന്നു

വൗച്ചർ നം. 21900808/27.11.19 പ്രകാരം 10 കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും എ എം സി പുതുക്കുന്നതിനായി കെൽട്രോണിന് ₹77,738 നൽകിയിട്ടുണ്ട്. എ എം സി പുതുക്കുന്നതിനായി 23/19-20 നമ്പറിൽ പ്രൊജക്ട് രൂപീകരിച്ചുവെങ്കിലും ഡി പി സി അംഗീകാരം ലഭിക്കാത്തിനാൽ കെൽട്രോണിൽ നിന്ന് ലഭിച്ച എസ്റ്റിമേറ്റ് അംഗീകരിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ തനത് ഫണ്ടിൽ നിന്നുള്ള തുക വിനിയോഗിച്ച് കെൽട്രോണിന് എ എം സി തുക അനുവദിക്കാനും പ്രൊജക്ടിന് ഭേദഗതി വരുത്തി ഡി പി സി അംഗീകാരം വാങ്ങുന്നതിനും ഭരണസമിതി (തീരുമാനം നം 167/19(3)/14.10.19) തീരുമാനിക്കുകയും തുക ചെലഴിക്കുകകയുമാണ് ഉണ്ടായത്. പദ്ധതിക്ക് ഡിപിസി അംഗീകാരം ലഭിക്കാത്തതിന്റെ കാരണവും പദ്ധതി ഭേദഗതി വരുത്തി അംഗീകാരം നേടിയതിന്റെ രേഖകളും ഹാജരാക്കുന്നതിനും എ എം സി യിൽ ഉൾപ്പെടുത്തിയിട്ടുള്ള കമ്പ്യൂട്ടറുകളുടെ സ്റ്റോക്ക് രജിസ്റ്റർ, വാറന്റി കാലാവധി തെളിയിക്കുന്ന രേഖകൾ എന്നിവ ഹാജരാക്കേണ്ടതിനുമായി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (നം17/11.02.2022) മറുപടി ഹാജരാക്കുകയുണ്ടായില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 77738 രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-21 ഹരിത കർമ്മ സേന -തനത് ഫണ്ടിൽ നിന്നും അനുവദിച്ച തുക റിക്കുപ്പ് ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതാണ്

1. ഹരിത കർമ്മ സേനക്ക് 2019 ഏപ്രിൽ മാസത്തെ ശമ്പളമായ ₹50000 അനുവദിക്കുന്നതിനായി ₹14000 യൂസർ ഫീസിൽ നിന്നും ₹36000 VGF-ൽ നിന്നും റീക്കുപ്പ് ചെയ്യാമെന്ന വി.ഇ.ഒ.യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തനത്ഫണ്ടിൽ നിന്നും ഭരണസമിതി തീരുമാനം നം. 47/19(5)/18.5.2019 പ്രകാരം അനുവദിച്ചിട്ടുണ്ട്.

തൻവർഷം ഹരിത കർമ്മ സേനയുടെ നടത്തിപ്പ് ചെലവിനായി തുക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് രൂപീകരിച്ച പ്രൊജക്ട് നം.81/20 (ഹരിത കർമ്മ സേനക്ക് വയബിലിറ്റി ഗാപ്പ് ഫണ്ട്) ൽ 215025രൂപ വികസന ഫണ്ട് (ജനറൽ) വകയിരുത്തിയിട്ടുണ്ട്.

തനത് ഫണ്ടിൽ വൗച്ചർ നം. 21900145/23.05.2019 പ്രകാരം അനുവദിച്ച ₹50000 ൽ അഡ്വാൻസായി നൽകിയ ₹36000 തിരികെ VGF വിഹിതത്തിൽ നിന്നും ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (23/16.02.22) നൽകിയെങ്കിലും മറുപടി ഹാജരാക്കിയിട്ടില്ല. തൻവർഷം ഹരിത കർമ്മ സേനയുടെ നടത്തിപ്പ് ചെലവിനായി തുക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് രൂപീകരിച്ച പ്രൊജക്ട് നം.81/20 (ഹരിത കർമ്മ സേനക്ക് വയബിലിറ്റി ഗാപ്പ് ഫണ്ട്) ൽ 215025രൂപ വികസന ഫണ്ട് (ജനറൽ) വകയിരുത്തിയതിൽ 96600 രൂപ മാത്രമാണ് തൻ വർഷം ചെലവഴിച്ചിട്ടുള്ളത് എന്നിരിക്കെ അഡ്വാൻസായി നൽകിയ തുക ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാത്തതിന് കാരണം അറിയിക്കേണ്ടതാണ്.

2. തൻവർഷം ഹരിതകർമ്മസേനക്ക് വേതനം നൽകുന്നതിനായി താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന പ്രകാരം തുക അനുവദിച്ചിട്ടുണ്ട്. യൂസർ ഫീ ഇനത്തിൽ പഞ്ചായത്ത് അക്കൗണ്ടിൽ വരവായി വന്നിട്ടുള്ള തുകയുടെ വിവരവും ആയതിൽ നിന്നും ഹരിതകർമ്മ സേനാംഗങ്ങളുടെ നടത്തിപ്പ് ചെലവിനായി വിനിയോഗിച്ചിട്ടുള്ള തുകയുടെ വിവരവും ഹാജരാക്കേണ്ടതാണ്. പട്ടികയിൽ പരാമർശിച്ച തുകകൾ അനുവദിച്ചത് അഡ്വാൻസായിട്ടാണ് എങ്കിൽ ആയത് ക്രമീകരിച്ചതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

| ക്രമ നം | വൗച്ചർ നം/തിയ്യതി/ തുക | റിമാർക്ക്സ് |
|---|---|---|
| 1 | 21900043/12.04.19/₹50000 | 03/2019 ലെ വേതനം യൂസർ ഫീ ഇനത്തിൽ നിന്നും അനുവദിച്ചു |
| 2 | 21900145/2305.19/₹50000 | 04/2019 ലെ വേതനത്തിൽ ₹14000 യൂസർ ഫീ ഇനത്തിൽ നിന്നും അനുവദിച്ചു |
| 3 | 21900199/13.06.19/₹55000 | 05/2019 ലെ വേതനം |
| 4 | 21900332/20.07.19/₹65000 | 06/2019 ലെ വേതനം |
| 5 | 21900441/09.08.19/₹70000 | 07/2019 ലെ വേതനം |
| 6 | 21900596/23.09.19/₹30000 | 08/2019 ലെ വേതനം |

ഗ്രാമ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം യൂസർ ഫീ ഇനത്തിൽ 2018-19 വർഷം ₹26874 യും തൻവർഷം 47552 രൂപയും (24145+10092+2605+10710) ഉൾപ്പടെ ആകെ ₹74426 യാണ് വരവ് വന്നിട്ടുള്ളത്. ആയതിൽ 03/2019 ലെ വേതനമായി ₹50000 യും 04/2019 ലെ വേതനത്തിൽ ₹14000 യും ഹരിതകർമ്മ സേനക്ക് നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ മറ്റ് മാസങ്ങളിൽ ഹരിതകർമ്മ സേനക്ക് അനുവദിച്ച തുക (₹220000) അഡ്വാൻസായി നൽകിയതാണെങ്കിൽ ആയത് പ്രൊജക്ട് നം.81/20 (ഹരിത കർമ്മ സേനക്ക് വയബിലിറ്റി ഗാപ്പ് ഫണ്ട്) ൽ വകയിരുത്തിയ തുകയിൽ നിന്നു ക്രമീകരിക്കാത്തതിന്റെ കാരണം അറിയിക്കേണ്ടതാണ്.

3. 2019-20 ധനകാര്യ പത്രിക പ്രകാരം B-18 ൽ Other Advances (460100199) എന്ന ഹെഡിൽ ഹരിതകർമ്മ സേനക്ക് വേതനം നൽകിയതിൽ ക്രമീകരിക്കാൻ ബാക്കിയുള്ളതായി രേഖപ്പെടുത്തിയിരിക്കുന്ന തുകയായ ₹1,55,663 ഏതെല്ലാം മാസങ്ങളിലെ വേതനം അനുവദിക്കുന്നതിനായി നൽകിയ തുകയാണെന്ന് അറിയിക്കേണ്ടതും അഡ്വാൻസായി നൽകിയ തുക ക്രമീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

അഡ്വാൻസ് രജിസ്റ്റർ , ഡപ്പോസിറ്റ് രജിസ്റ്റർ എന്നിവയുടെ വർഷാന്ത്യ സംഗ്രഹം സാക്ഷ്യപ്പെടുത്തി ഹാജരാക്കാത്തതിനാൽ ഈ ഇനത്തിലുള്ള വരവ് ചെലവുകളുടെ ആധികാരികത ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല. രജിസ്റ്ററുകൾ കാലികമാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

മേൽ പരാമർശങ്ങൾക്ക് മറുപടി ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി (നം.23/16.02.2022) നൽകിയെങ്കിലും മറുപടി ഹാജരാക്കിയിട്ടില്ല.

## 1-22 തനത് ഫണ്ട്- ചെലവ് രേഖകൾ ഹാജരാക്കിയില്ല

താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന ചെലവുകളുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (നം 11/11.02.2022)നൽകിയെങ്കിലും ഹാജരാക്കുകയുണ്ടായില്ല. രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

| ക്രമ നം | തുക കൈപ്പറ്റിയ വ്യക്തി/ സ്ഥാപനം | വൗച്ചർ നം/തുക | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|
| 1 | ജെ കെ ഫർണിച്ചർ | 21900131/10.05.19: ₹3915 | ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഉൾപ്പെടാത്ത Suppliers EMD തുക ഒറിജിനൽ രശീത് ഹാജരാക്കാതെ അനുവദിച്ചു. ഒറിജിനൽ രശീത് ഹാജരാക്കേണ്ടതാണ്. |
| 2 | ജെ കെ ഫർണിച്ചർ | 21900130/10.05.19: ₹9800 | ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഉൾപ്പെടാത്ത Suppliers EMD തുക ഒറിജിനൽ രശീത് ഹാജരാക്കാതെ അനുവദിച്ചു. ഒറിജിനൽ രശീത് ഹാജരാക്കേണ്ടതാണ്. |
| 4 | ഹരിത കേരളം പദ്ധതിയുടെ ഭാഗമായി വൃക്ഷ തൈകൾ തയ്യാറാക്കുന്നതിന് വിത്തുകൾ വാങ്ങുന്നതിനായി ₹3150യും ബാനർ തയ്യാറാക്കുന്നതിന് ₹500 യും വി ഇ ഒ ക്ക് നൽകി. | 21900466/16.08.19: ₹3650 | വാങ്ങിയ വിത്തുകളിൽ നിന്ന് തയ്യാറാക്കിയ വൃക്ഷ തൈകൾ ഏതു രീതിയിലാണ് പ്രയോജനപ്പെടുത്തിയത് / വിതരണം നടത്തിയത് എന്ന് വ്യക്തമാക്കുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്. |
| | ആകെ | ₹ 17365 | |

## 1-23 പാലുല്പാദന ബോണസ്- നിർവ്വഹണത്തിലെ അപാകം- ₹12,00,000/- തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | 17/20 |
| പ്രോജക്ടിന്റെ പേര് | പാലുല്പാദന ബോണസ് |
| നിർവ്വഹണം | സീനിയർ വെറ്ററിനറി സർജൻ |
| അടങ്കൽ | ₹8,00,000/-(വികസന ഫണ്ട്) |
| | ₹4,00,000/-<br>(ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| | ₹12,00,000/-<br>(ജില്ലാപഞ്ചായത്ത് വിഹിതം) |
| | ₹24,00,000/- (ആകെ) |
| വികസനഫണ്ട്-ബിൽ നമ്പർ/ തീയതി/ തുക | 3/13.03.2020/ ₹8,00,000 |
| ബ്ലോക്ക് വിഹിതം-ചെക്ക് നമ്പർ/ തീയതി /തുക | SB/XY2520901/15-11-2019/- ₹4,00,000/- |
| ജില്ലാപഞ്ചായത്ത് വിഹിതം- ചെക്ക് നമ്പർ/തീയതി/തുക | ₹14,548 (UTR No. U00000077594264) |
| ആകെ ചെലവ് | ₹12,14,548 |

ഗ്രാമപഞ്ചായത്തിലെ ക്ഷീരകർഷകർക്ക് ക്ഷീരസംഘങ്ങളിലെ പാലളവിന്റെ അടിസ്ഥാനത്തിൽ ധനസഹായം നൽകുന്നതിന് ആവിഷ്കരിച്ച ഈ പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല

സബ്സിഡി മാർഗ്ഗരേഖ (ജി ഒ(എം എസ്) 22/2018 തീയതി 14-02-2018) ഖണ്ഡിക 6-2 പ്രകാരം സബ്സിഡി തുക കർഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ഒടുക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ മേൽ പ്രകാരമുള്ള ₹12,00,000/- രൂപയും താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന പ്രകാരം വിവിധ ക്ഷീരോല്പാദക സഹകരണ സംഘങ്ങളുടെ അക്കൗണ്ടിലേക്ക് നൽകുകയാണ് നിർവ്വഹണോദ്യോഗസ്ഥൻ ചെയ്തിട്ടുള്ളത്. (₹14,548 ബിനീഷ് കുമാർ പി എസ് എന്ന ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് നല്കിയിട്ടുണ്ട്.)

| ക്രമ നം. | ക്ഷീരോല്പാദക സഹകരണ സംഘത്തിന്റെ പേര് | തുക | ബിൽ/വൗച്ചർ നം/ തിയ്യതി/തുക |
|---|---|---|---|
| 1 | ഉദയഗിരി ക്ഷീരോല്പാദക സഹകരണ സംഘം | 51216 | 03/13.03.2020/₹8,00,000 |
| 2 | താമ്പോർ ക്ഷീരോല്പാദക സഹകരണ സംഘം | 55421 | 03/13.03.2020/₹8,00,000 |
| 3 | കർമലഗിരി ക്ഷീരോല്പാദക സഹകരണ സംഘം | 25737 | 03/13.03.2020/₹8,00,000 |
| 4 | വിജയഗിരി ക്ഷീരോല്പാദക സഹകരണ സംഘം | 97043 | 03/13.03.2020/₹8,00,000 |
| 5 | ശാന്തിപുരം ക്ഷീരോല്പാദക സഹകരണ സംഘം | 75868 | 03/13.03.2020/₹8,00,000 |
| 6 | തിരുമേനി ക്ഷീരോല്പാദക സഹകരണ സംഘം | 48765 | 03/13.03.2020/₹8,00,000 |
| 7 | താലിപ്പാറ ക്ഷീരോല്പാദക സഹകരണ സംഘം | 61595 | 03/13.03.2020/₹8,00,000 |

| | | | |
|---|---|---|---|
| 8 | ശ്രീപുരം ക്ഷീരോല്പാദക സഹകരണ സംഘം | 174370 | 03/13.03.2020/₹8,00,000 |
| 9 | കാർത്തികപുരം ക്ഷീരോല്പാദക സഹകരണ സംഘം | 170482 | 03/13.03.2020/₹8,00,000 |
| 10 | ജോസ് ഗിരി ക്ഷീരോല്പാദക സഹകരണ സംഘം | 6504 | 03/13.03.2020/₹8,00,000 |
| 11 | നെടുവോട് ക്ഷീരോല്പാദക സഹകരണ സംഘം | 32999 | 03/13.03.2020/₹8,00,000 |
| 12 | ശാന്തിപുരം ക്ഷീരോല്പാദക സഹകരണ സംഘം | 400000 | SB/XY 2520901/15.11.2019 |
| ആകെ | | ₹1200000 | |

പ്രസ്തുത സംഘങ്ങൾ കർഷകരുടെ അക്കൗണ്ടിലേക്ക് തുക നൽകിയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 20/15.02.22) ഫണ്ടിന്റെ വിനിയോഗ കാലയളവിലുണ്ടായ സ്റ്റാഫിന്റെ പരിമിതിയും ജോലി ബാഹുല്യവും കാരണമാണ് തുക ക്ഷീരോല്പാദക സഹകരണ സംഘങ്ങളുടെ അക്കൗണ്ടിലേക്ക് നൽകുന്ന സാഹചര്യം ഉണ്ടായതെന്നാണ് വെറ്റിനറി സർജ്ജൻ മറുപടി നൽകിയത്. തുക ഗുണഭോക്താക്കളായ ഓരോ ക്ഷീരകർഷകനും അർഹമായ തുക അനുവദിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കാത്തതിനാൽ ₹12,00,000 തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-24 സ്വയം തൊഴിൽ സംരംഭം- ആവശ്യമായ രേഖകളില്ല-₹200000 തടസ്സപ്പെടുത്തുന്നു

നിർവ്വഹണം : വി ഇ ഒ

പ്രോജക്ട് നമ്പർ/ പേര് : 168/20 ,ജൈവവള സംഭരണ വിതരണ യൂണിറ്റ് (സ്പിൽഓവർ)

അടങ്കൽ : 200000/- വികസനഫണ്ട്

ബിൽ നമ്പർ /തീയ്യതി ,തുക : 7/19-20 ,22/7/19 ,200000/-

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഒരു ഗ്രൂപ്പിന് ജൈവ വള സംഭരണ വിതരണ യുണിറ്റ് സംരംഭം തുടങ്ങുന്നതിനു വേണ്ടി നടപ്പിലാക്കിയ മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല.

1) പദ്ധതി നടപ്പിലാക്കിയതും, പൂർത്തീകരിച്ചതുമായി ബന്ധപ്പെട്ട രേഖകൾ

2)ജൈവവള സംഭരണ വിതരണ യൂണിറ്റ് നടപ്പിലാക്കുന്നതിനുവേണ്ടി ബാങ്ക് വായ്പ അനുവദിച്ചതിന്റെ രേഖകൾ , വായ്പ തിരിച്ചടവ് സംബന്ധിച്ച വിവരങ്ങൾ.(ബാങ്ക് പാസ് ബുക്ക് സഹിതം).

3) പദ്ധതിയുമായി ബന്ധപ്പെട്ട പ്രോജക്ട് റിപ്പോർട്ട്.

4) സ്വയംതൊഴിൽ സംരംഭം ആരംഭിക്കുന്നതിനായി സർക്കാരിൽ നിന്നോ മറ്റ് സർക്കാർ ഏജൻസികളിൽനിന്നോ കഴിഞ്ഞ 5 വർഷത്തിനിടയിൽ ധനസഹായം ലഭിച്ചിട്ടില്ല എന്നുറപ്പുവരുത്തിയത് സംബന്ധിച്ച രേഖകൾ.

5) സംരംഭത്തിന് വേണ്ടി വാങ്ങിയ മൂലധന ആസ്തികളുടെയും മറ്റുമുള്ള ചെലവ് സംബന്ധിച്ച ബില്ലുകൾ

6) ധന്യ സ്വാശ്രയസംഘത്തിന്റെ പേരിൽ കേരള ഗ്രാമീൺ ബാങ്കിൽ (അക്കൌണ്ട് നമ്പർ 40507141900122) F D ആയി സബ്സിഡി തുക നിക്ഷേപിച്ചതായി കാണുന്നു. മേൽ പരാമർശിച്ച രേഖകളും സബ്സിഡിയായി അനുവദിച്ച തുക സ്ഥിരനിക്ഷേപമാക്കി മാറ്റുവാനുണ്ടായ കാരണവും വിശദമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം 22/16-02-22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.മേൽ രേഖകളുടെ അഭാവത്തിൽ ₹2,00,000 തടസ്സപ്പെടുത്തുന്നു.

## 1-25 പോഷകാഹാര സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റേയും വിതരണം നടത്തിയതിന്റേയും രേഖകൾ ഹാജരാക്കിയില്ല ചെലവ് തുക 144235/- തടസ്സപ്പെടുത്തുന്നു

നിർവ്വഹണം : ഐ സി ഡി എസ് സൂപ്പർവൈസർ

പ്രോജക്ടിന്റെ നമ്പരും പേരും :11/20 ,അങ്കണവാടികൾക്ക് പോഷകാഹാരം

അടങ്കൽ : 250000 (വികസന ഫണ്ട് പൊതു വിഭാഗം)

:1350000/-കേന്ദ്രാവിഷ്കൃത പരിപാടി

മേൽ പദ്ധതിക്കുവേണ്ടി വികസനഫണ്ടിൽ നിന്നും 242354/- രൂപയും, കേന്ദ്രാവിഷ്കൃത പരിപാടിയിൽ നിന്നും 1138577/- രൂപയും ചെലവഴിച്ച് ഗ്രാമ പഞ്ചായത്തിലെ 23 അങ്കണവാടികൾക്കും, ഒരു ശിശു മന്ദിരത്തിലും പോഷകാഹാരം വിതരണം നടത്തിയിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട് സ്റ്റോക്ക് രജിസ്റ്ററും, ബില്ലുകളും പരിശോധിച്ചതിൽ താഴെ പറയുന്ന ഭക്ഷ്യ സാധനങ്ങൾ സ്റ്റോക്കിലെടുക്കുകയോ വിതരണം നടത്തുകയോ ചെയ്തിട്ടില്ല.

| പോഷകാഹാര സാധനങ്ങൾ വാങ്ങിയ സ്ഥാപനം, തിയ്യതി | ചെക്ക് നമ്പർ / ബിൽ നമ്പർ തീയ്യതി,തുക | വാങ്ങിയ സാധനം / വില |
|---|---|---|
| Invoice No. 016/2-9-19<br>നാച്ചുറൽ ഫുഡ് പ്രോഡക്റ്റ് ,ഒറ്റതൈ | 2520596/23-10-19 ,290823/- | ന്യൂട്രി മിക്സ് ,951.75kg<br>69953/- |
| Issue No. 1303120/19144/26-11-19 തീയ്യതിയിൽ സപ്ലൈകോ സൂപ്പർ മാർക്കറ്റ്,തളിപ്പറമ്പ , | 2520906/27-11-19 ,125435/- | 50kg കുറുവ അരി ,<br>1600/- |
| ഇൻവോയ്സ് നമ്പർ ലഭ്യമല്ല<br>31-10-19 നാച്ചുറൽ ഫുഡ് പ്രോഡക്റ്റ് ,ഒറ്റതൈ | 4/19-20/30-11-19 ,72682/- | ന്യൂട്രി മിക്സ് , 988.875kg<br>72682/- |

ഭക്ഷ്യ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെയും, വിതരണം നടത്തിയതിന്റേയും രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. **4/14-02-2022** ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-26 ചെലവ് രേഖകൾ ഹാജരാക്കിയില്ല -75907/- രൂപ തടസ്സപ്പെടുത്തുന്നു

നിർവ്വഹണം : ഐ സി ഡി എസ് സൂപ്പർവൈസർ

പ്രോജക്ടിന്റെ നമ്പരും പേരും :11/20 ,അങ്കണവാടികൾക്ക് പോഷകാഹാരം

അടങ്കൽ : 250000 (വികസന ഫണ്ട് പൊതു വിഭാഗം)

:1350000/-കേന്ദ്രാവിഷ്കൃത പരിപാടി

"അങ്കണവാടികൾക്ക് പോഷകാഹാരം " എന്ന മേൽ പദ്ധതിക്കു വേണ്ടി കേന്ദ്രഫണ്ടിനത്തിൽ ചെലവഴിച്ച 93762/- രൂപയിൽ(ചെക്ക് നമ്പർ 2520910/18-12-19) 75907/- രൂപ നാച്ചുറൽ ഫുഡ് പ്രോഡക്റ്റ്, ഒറ്റതൈ എന്ന സ്ഥാപനത്തിന്റെ അക്കൗണ്ട് നമ്പർ 30162590909 ലെക്ക് നൽകിയിട്ടുണ്ട്. എന്നാൽ മേൽ സ്ഥാപനത്തിൽ നിന്നും ന്യൂട്രി മിക്സ് വാങ്ങിയതിന്റേയോ സ്ഥാപനം തുക കൈപ്പറ്റിയതിന്റേയോ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 4/**14-02-2022** ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ 75907/- രൂപ തടസ്സപ്പെടുത്തുന്നു

## 1-27 ഒ ഡി എഫ് ടോയ് ലറ്റ് നിർമാണം -പ്രൊജക്ട് നിർവഹണത്തിലെ അപാകങ്ങൾ

നിർവ്വഹണം : വി ഇ ഒ

പ്രോജക്ട് നമ്പർ/ പേര് : 195/20 ,ഒ ഡി എഫ് ടോയ് ലറ്റ് നിർമാണം

അടങ്കൽ : 132600/- വികസനഫണ്ട്

: 46800/-കേന്ദ്രാവിഷ്കൃത പരിപടി

ബിൽ നമ്പർ /തീയ്യതി ,തുക : 36/19-20 ,31/3/20 ,15400/-

സ.ഉ (സാധാ)നം.1951/2019/ത.സ്വ.ഭ.വ ,തീയതി 6/9/2019 പ്രകാരം വ്യക്തിഗത ഗാർഹിക ശൗചാലയ യൂണിറ്റ് കോസ്റ്റ് ആയ 15400/- രൂപയിൽ സ്വച്ഛ് ഭാരത് മിഷൻ(ഗ്രാമീൺ) ഫണ്ടിൽ നിന്നും കേന്ദ്ര -സംസ്ഥാന സർക്കാർ വിഹിതമായി 12000/-രൂപ (7200/- + 4800) അനുവദിക്കാവുന്നതാണെന്നും ബാക്കി ഗുണഭോക്ത വിഹിതമായി 3400/- രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് /പ്ലാൻ ഫണ്ടിൽ നിന്നും വകയിരുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഡി പി സി അംഗീകാരത്തോടെ നടപ്പിലാക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയ മേൽ പദ്ധതി പ്രകാരം 15400/- രൂപ (ബിൽ നമ്പർ 36/31-3-20)വികസന ഫണ്ടിൽ നിന്നും മാത്രം പിൻവലിച്ച് ഗ്രാമ പഞ്ചായത്തിലെ ഗുണഭോക്താവായ തങ്കമ്മ എന്നവർക്ക് (അക്കൌണ്ട് നമ്പർ 40507100001475) നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവിൽ പറഞ്ഞ തുകയെക്കാൾ അധികം തുക വികസനഫണ്ടിൽ നിന്നും നൽകിയതിന് വിശദീകരണം ലഭ്യമാക്കാനും, വാല്യേഷൻ സർട്ടിഫിക്കറ്റ് ഇല്ലാതെ ഗുണഭോക്താവിന് തുക നൽകാനുണ്ടായ കാരണവും വിശദമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 21/16-2-22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ ഇത്തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുമ്പോൾ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-28 SSA- വിശദമായ വിനിയോഗവിവരം ലഭ്യമല്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| പ്രോജക്ടിന്റെ നമ്പരും പേരും | 9/20 **SSA- വിഹിതം നൽകൽ** |
| അടങ്കൽ | ₹259027/- (വികസന ഫണ്ട് പൊതു വിഭാഗം) |
| ചെലവ്,ബിൽ നമ്പർ,തീയ്യതി,തുക | ₹259027/-<br>1/19-20,16-8-19,259027/- |

മേൽ പദ്ധതി പ്രകാരം വികസനഫണ്ടിൽ നിന്നും 259027/- രൂപ ചെലവഴിച്ച് എസ്.എസ്.എ ജില്ലാ പ്രോജക്ട് ഓഫീസറുടെ അക്കൗണ്ട് (നമ്പർ 1139101010109)) നൽകിയിട്ടുണ്ട്. എസ്.എസ്.എ ജില്ലാ പ്രോജക്ട് ഓഫീസറുടെ 30-06-20 ലെ വിനിയോഗ സാക്ഷ്യപത്രം പ്രകാരം കൈമാറിയ തുക മുഴുവനായും വിനിയോഗിച്ചിട്ടുണ്ടെന്നറിയിച്ചിട്ടുണ്ട്. ഈ തുക ഗ്രാമപഞ്ചായത്തിൽ ഏതൊക്കെ ഇനങ്ങൾക്കാണ് വിനിയോഗിച്ചതെന്നുള്ള വിശദമായ ചെലവ് പത്രിക ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിലെ ഏതൊക്കെ സ്കൂളുകളിൽ ഏതൊക്കെ ഇനങ്ങൾക്കാണ് വിനിയോഗിച്ചതെന്നുള്ള വിശദമായ ചെലവ് പത്രിക ഹാജരാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം (നം.3/11-02-2022 ) ലഭ്യമാക്കിയ മറുപടിയിൽ വിശദമായ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. SSAക്ക് കൈമാറുന്ന തുക ഗ്രാമപഞ്ചായത്തിലെ വിദ്യാഭ്യാസ ആവശ്യങ്ങൾക്കുവേണ്ടി തന്നെ വിനിയോഗിക്കുന്നുണ്ടെന്ന് ഭരണസമിതി ഉറപ്പു വരുത്തേണ്ടതാണ്. SSAയുമായി കൂടിയാലോചിച്ച് ഗ്രാമപഞ്ചായത്തിനാവശ്യമായ പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കാനുംഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-29 റോഡ് ടാറിംഗ് പ്രവൃത്തികൾ-ബിറ്റുമിൻ പർച്ചേസ് ബില്ലുകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

റോഡ് ടാറിംഗ് പ്രവൃത്തികൾക്കായി കരാറുകാർ നേരിട്ടു ബിറ്റുമിൻ വാങ്ങി ഉപയോഗിക്കുന്ന സാഹചര്യങ്ങളിൽ ഒറിജിനൽ ബിൽ കർശനമായും ഫയലിൽ സൂക്ഷിക്കേണ്ടതാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 08.11.2016-ലെ ജി.ഒ.(ആർടി) 3049/2016 നമ്പർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് 2019-20 വാർഷിക പദ്ധതി പ്രകാരം നടപ്പാക്കിയ റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബിറ്റുമിൻ പർച്ചേസ് ബില്ലുകൾ ഫയലിൽ അസിസ്റ്റന്റ് എൻജിനീയർ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ബിറ്റുമിൻ പർച്ചേസ് ബില്ലുകൾ ഓരോ പ്രവൃത്തി ഫയലിലും പ്രത്യേകമായി സൂക്ഷിക്കാത്തതിനാൽ ബിറ്റുമിൻ വാങ്ങലിന്റെയും ഉപയോഗത്തിന്റെയും ആധികാരികത

ഉറപ്പാക്കാനായിട്ടില്ല. സർക്കാർ നിർദ്ദേശം പാലിക്കാതെ, വാങ്ങലിന്റെ ആധികാരികത ഉറപ്പാക്കിയതെങ്ങനെയെന്ന് വിശദീകരിക്കേണ്ടതാണ്.

## 1-30 പൊതുമരാമത്ത് പ്രവൃത്തികളിൽ മോണിറ്ററിംഗ് നടക്കുന്നില്ല.

ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച ഫയലുകളിലൊന്നിലും തന്നെ പ്രവൃത്തികൾ മോണിറ്ററിംഗ് ചെയ്തതിന്റെ രേഖകളില്ല. പൊതുമരാമത്ത് പ്രൊജക്ട് നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട മോണിട്ടറിംഗ് സംവിധാനത്തെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ സ.ഉ.(കൈ)നം.11/2018 ത.സ്വ.ഭ.വ. തീയതി 29.01.2018പ്രകാരം നൽകിയിട്ടുണ്ട്. മേൽ ഉത്തരവ് ഖണ്ഡിക13.1 അനുസരിച്ച് മോണിട്ടറിംഗ് സമിതി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്.ഖണ്ഡിക 13.2 അനുസരിച്ച് വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥനാണെങ്കിൽ മറ്റൊരു ഉദ്യോഗസ്ഥനെ ഭരണസമിതി തീരുമാനിച്ച് സെക്രട്ടറി രേഖാമൂലം വർക്കിംഗ് ഗ്രൂപ്പിനെ അറിയിക്കേണ്ടതാണ്. ഖണ്ഡിക 13.5 അനുസരിച്ച് പ്രവൃത്തിയുടെ പേര്, വർഷം, കരാറുകാരന്റെയും എഞ്ചിനീയറുടേയും പേര്, ഫോൺ നമ്പർ, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ, ഉപയോഗിക്കേണ്ട സാധനസാമഗ്രികളുടെ അളവ് എന്നിവ പ്രവൃത്തി സ്ഥലത്ത് പ്രദർശിപ്പിക്കണം. പ്രവൃത്തി പൂർത്തിയായതിന് ശേഷം പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ട് തുടങ്ങിയവയും പ്രദർശിപ്പിക്കണം.

എന്നാൽ അസിസ്റ്റന്റ് എൻജിനീയർ നിർവഹണം നടത്തിയ പ്രൊജക്ടുകളുടെ മോണിറ്ററിംഗ് ചെയ്തതിന്റെ രേഖകൾ ഒരു ഫയലിലും സൂക്ഷിച്ചിട്ടില്ല. പ്രൊജക്ട് രൂപീകരണം ഘട്ടം കഴിഞ്ഞാൽ വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കണം. എന്നാൽ മരാമത്ത് വർക്കിംഗ് ഗ്രൂപ്പ് പ്രസ്തുത കർത്തവ്യം നിർവ്വഹിച്ചിട്ടില്ല എന്നാണ് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുള്ളത്. പ്രൊജക്ടുകൾ നിർവ്വഹണ ഘട്ടത്തിൽ തുടർച്ചയായ മോണിറ്ററിംഗിന് വിധേയമാക്കാത്തത് പ്രൊജക്ട് നിർവ്വഹണത്തിന്റെ ഗുണനിലവാരത്തെ ദോഷകരമായി ബാധിക്കുന്നതാണ്. ആയതിനാൽ മരാമത്ത് പ്രൊജക്ടുകളുടെ മോണിറ്ററിംഗ് കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം -2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 ലോഡ്ജിംഗ് റൂമുകൾക്കും ഷോപ്പിംഗ് റൂമുകൾക്കും പാർപ്പിടാവശ്യത്തിനുള്ള നിരക്കിൽ നികുതി നിർണ്ണയം നടത്തിയത് ക്രമപ്രകാരമല്ല. വസ്തുനികുതി ചുമത്തിയതിൽ കുറവ് വന്ന 7419/- രൂപയുടെ നഷ്ടം ഈടാക്കേണ്ടതാണ്

ഫയൽ നമ്പർ-A2-5216/19

2011 - ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങൾ പ്രകാരം ഗ്രാമ പഞ്ചായത്ത് നികുതി നിരക്കുകൾ നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ പാർപ്പിടാവശ്യത്തിനുള്ള അടിസ്ഥാനവസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 5/-രൂപയും ലോഡ്ജിംഗ് റൂമുകൾക്ക് ചതുരശ്രമീറ്ററിന് 30/-രൂപയും വാണിജ്യാവശ്യത്തിനുള്ള (100m2 ന് മുകളിൽ) ഷോപ്പ് മുറികൾക്ക് ചതുരശ്രമീറ്ററിന് 50/-രൂപയും ആണ്. തൻ വർഷത്തെ പുതിയ കെട്ടിടങ്ങളുടെ വസ്തുനികുതി അസസ് മെന്റ് രജിസ്റ്റർ, സഞ്ചയ പ്രകാരമുള്ള വസ്തു നികുതി നിർണ്ണയ പത്രിക (ഫോറം-6) എന്നിവ പരിശോധിച്ചപ്പോൾ ലോഡ്ജിംഗ്, ഷോപ്പിംഗ് ആവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക്, പാർപ്പിടാവശ്യങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള നികുതിയാണ് കണക്കാക്കിയിട്ടുള്ളത് എന്നു കാണുന്നു. ഫാദർ ജോഷി തോമസ് നിരപ്പേൽ എന്നവരുടെ ഉടമസ്ഥതയിലുള്ള ആറാം വാർഡിലുൾപ്പെടുന്ന റെസിഡൻഷ്യൽ കം കമേഴ്സ്യൽ ബിൽഡിംഗിന്റെ അംഗീകരിച്ച കംപ്ലീഷൻ പ്ലാൻ പ്രകാരം ഒന്നാം നിലയിലെ 7 ലോഡ്ജിംഗ് റൂമുകളും (വിസ്തീർണ്ണം -207.94 $M^2$, കെട്ടിടനമ്പർ-UP 6-50 N) 2 ഷോപ്പ് റൂമുകളും (വിസ്തീർണ്ണം -15.34 $M^2$,കെട്ടിടനമ്പർ-UP 6-50 N) ഉൾപ്പെടുന്നുണ്ട്. വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് ചതുരശ്രമീറ്ററിന് 50/-രൂപ നിരക്കിലും ലോഡ്ജിംഗ് റൂമുകൾക്ക് ചതുരശ്രമീറ്ററിന് 30/-രൂപ രൂപ നിരക്കിലും നികുതി ചുമത്തേണ്ടതിന് പകരം ചതുരശ്രമീറ്ററിന് 5/-രൂപ നിരക്കിലാണ് (ആകെ 223.28$m^2$) 2019-2020 സാമ്പത്തികവർഷം ഒന്നാം അർദ്ധവർഷം മുതൽ വസ്തു നികുതി നിർണ്ണയം നടത്തി നികുതി ചുമത്തിയിട്ടുള്ളത്. ചുമത്തേണ്ടിയിരുന്ന നികുതി ചുവടെ കൊടുക്കുന്നു.

ലോഡ്ജിംഗ് റൂമുകൾക്ക്

| | |
|---|---|
| അടിസ്ഥാനനികുതി 207.94 X30 | 6238 |

| | |
|---|---|
| വർദ്ധന (20%) | 1248 |
| വാർഷികവസ്തുനികുതി | 7486 |
| ലൈബ്രറി സെസ് (5%) | 374 |
| ആകെ | 7860 |

ഷോപ്പ് റൂമുകൾക്ക്

| | |
|---|---|
| അടിസ്ഥാനനികുതി 15.34 X50 | 767 |
| വർദ്ധന (20%) | 153 |
| വാർഷികവസ്തുനികുതി | 920 |
| ലൈബ്രറി സെസ് (5%) | 46 |
| ആകെ | 966 |

വസ്തുനികുതി ചുമത്തിയതിലെ ആകെ കുറവ്

| | |
|---|---|
| **ചുമത്തിയ വസ്തു നികുതി** | **1407** |
| **ചുമത്തേണ്ടത് (7860+966)** | **8826** |
| **കുറവ് വന്ന തുക** | **7419** |

ഒന്നാം നിലയിലെ ഷോപ്പ് റൂമുകൾക്കും ലോഡ്ജിംഗ് റൂമുകൾക്കും ഒരേ കെട്ടിടനമ്പറാണ് അനുവദിച്ചിട്ടുള്ളത്. വസ്തുനികുതി ചുമത്തിയതിലെ കുറവ് വന്ന 7419/-രൂപയുടെ നഷ്ടം ഈടാക്കേണ്ടതുമാണ്. ഒന്നാം നിലയിലെ ഷോപ്പ് റൂമുകൾക്കും ലോഡ്ജിംഗ് റൂമുകൾക്കും ഒരേ കെട്ടിടനമ്പർ അനുവദിച്ചത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്. വസ്തുനികുതി നിർണ്ണയത്തിൽ സമാനരീതിയിലുള്ള പിഴവുകൾ ഉണ്ടെങ്കിൽ ആയത് പരിശോധിച്ച് നഷ്ടം ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 07.02.22മുതൽ 08.02.22വരെ | നം.കെ.എസ്.എ./കെ.എൻ.ആർ./ സി.12/339/2022 തീയതി: 20.04.2022 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 400000 | പാൽ ഉല്പാദന ബോണസ്,17/20 | 400000 | 0 |
| | | 2530000 | ലൈഫ് ഭവന പദ്ധതി പട്ടിക വർഗ്ഗം ,70/20 | 896800 | 1633200 |
| | | 644745 | ലൈഫ് ഭവന പദ്ധതി പട്ടിക | 160000 | 484745 |

| | | | | | |
|---|---|---|---|---|---|
| | | | ജാതി ,പ്രൊ.നം.193/20 | | |
| | | 3335600 | ലൈഫ് ഭവന പദ്ധതി ,ജനറൽ പ്രൊ.നം.85/20 | 0 | 3335600 |
| | | 125000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്,പ്രൊ.നം.14/20 | 125000 | 0 |
| | | 200000 (2018-19 വർഷത്തിൽ ലഭിച്ച തുക) | തുരുത്ത് സംരക്ഷണം പ്രൊ.നം 175/20 | 30248 | 169752 |
| | | 100000 | ലഡാക്ക് അംഗനവാടിക്ക് ബേബി ഫ്രണ്ടിലി ടോയ്ലറ്റ് പ്രൊ.നം.162/20 | 100000 | 0 |
| **ആകെ** | | **7335345** | | **1712048** | **5623297** |
| ജില്ലാ പഞ്ചായത്ത്,കണ്ണൂർ | 2019-20 | 14548 | പാൽ ഉല്പാദന ബോണസ് ,17/20 | 14548 | 0 |
| | | 190850 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്,പ്രൊ.നം.14/20 | 190850 | 0 |
| | | 909879 | മാവും തട്ട് കമ്മ്യൂണിറ്റി ഹാൾ റിപ്പയർ പ്രൊ.നം.132/20 | 909879 | |
| **ആകെ** | | **1115277** | | **1115277** | **0** |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

**ഇല്ല**

## 4-5 വായ്പ / വായ്പാതിരിച്ചടവ്

2019-20 വർഷത്തിൽ ഗ്രാമ പഞ്ചായത്തിന് വായ്പയിനത്തിൽ ലഭിച്ച തുകയുടെയും തൻവർഷം തിരിച്ചടച്ച തുകയുടെ വിവരം

| വർഷം | വായ്പയുടെ ഉദ്ദേശ്യം, വായ്പ അനുവദിച്ച സ്ഥാപനം. | ഉത്തരവ് നമ്പർ | വായ്പാ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കി ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കി ₹ |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 2019-20 | ഇഎംഎസ് ഭവന നിർമ്മാണ പദ്ധതി ആലക്കോട് സർവീസ് സഹകരണ ബാങ്ക്, കാർത്തികപുരം ശാഖ | സ.ഉ.(എം.എസ് ) 274/2010 തീയതി 27-01-2010 | 12445500 | 1244550 | 1244550 | 0 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| | മണക്കടവ് ഷോപ്പിംഗ് കോംപ്ലക്സ് | 1280/97/ ആർ ഡി ബി 07-04-2011 | 3675562 | 735114 | 367556 | 0 | 367558 |

ലൈഫ് ഭവന പദ്ധതിക്കായി KURDFC-യിൽ നിന്നും ഗ്രാമപഞ്ചായത്ത് എടുത്ത വായ്പ, തിരിച്ചടവ്, നീക്കിയിരിപ്പ് എന്നീ വിവരങ്ങൾ ഉൾപ്പെടുത്തിയ വായ്പ രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ലൈഫ് ഭവന പദ്ധതിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ വായ്പ രജിസ്റ്റർ തയ്യാറാക്കി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമാക്കിയ മറുപടി പ്രകാരം ഓഡിറ്റ് റിക്കവറിയിനത്തിൽ വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2005-06 | II-87.1 | 2001-02 | 3.8 | ഷോപ്പിംഗ് കോംപ്ലക്സ് പഞ്ചായത്തിന് ബാധ്യതയായി | |
| 2016-17 | അനുബന്ധം-4 | 2014-15 | 2-3 | തൊഴിൽനികുതി | നിലനിൽക്കുന്നു. (ധന ഇടപാട് സ്ഥാപനങ്ങളിൽ നിന്നും തുക ഈടാക്കി) |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 59348365 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 57932477 |
| വരവിനങ്ങളിലുള്ള നഷ്ടം | 7419 |
| ചെലവിനങ്ങളിലുള്ള നഷ്ടം | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1697880 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക | നഷ്ടമായ തുക | | ഉത്തരവാദയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് | സർചാർജ് | |

| | | | |
|---|---|---|---|
| | ചെയ്യാവുന്നത് | ചെയ്യാവുന്നത് | |
| 2-1 (1-11) | 7419 | | ജോർജ്ജ് ഒ.എം., സെക്രട്ടറി |
| ആകെ | 7419 | | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 77738 | ശ്രീ.ജോർജ്ജ് ഒ.എം., സെക്രട്ടറി |
| 1-23 | 1200000 | ശ്രീ.ബിജോയ് വർഗ്ഗീസ്, വെറ്റിനറി സർജ്ജൻ |
| 1-24 | 200000 | ശ്രീ. സുരേന്ദ്രൻ ടി.വി., വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-25 | 144235 | ശ്രീമതി നളിനമ്മ കെ.ജി., ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-26 | 75907 | ശ്രീമതി നളിനമ്മ കെ.ജി., ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| ആകെ | 1697880 | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും, ഉദ്യോഗപ്പേരും |
|---|---|---|
| 1-6-1 | 76641 | ശ്രീ.ജോർജ്ജ് ഒ.എം., സെക്രട്ടറി |
| ആകെ | 76641 | |

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

| | |
|---|---|
| ഖണ്ഡിക നമ്പർ | 1-6, 1-14 |

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേര്, ഉദ്യോഗപ്പേര് | ഔദ്യോഗിക വിലാസം | സ്ഥിരം വിലാസം |
|---|---|---|
| ശ്രീ.ജോർജ്ജ്, ഒ.എം., സെക്രട്ടറി | സീനിയർ സൂപ്രണ്ട്, പി.എ.യു.-4, കല്ല്യാശ്ശേരി പഞ്ചായത്ത് | ഓലിക്കുന്നേൽ ഹൗസ്, കാർത്തികപുരം പി.ഒ., ഉദയഗിരി, കണ്ണൂർ |
| ശ്രീ.ബിജോയ് വർഗ്ഗീസ്, വെറ്റിനറി സർജ്ജൻ | സീനിയർ വെറ്റിനറി സർജൻ, ഉദയഗിരി ഗ്രാമപഞ്ചായത്ത് | ആലപ്പാട്ട് ഹൗസ്, നെഹ്റു നഗർ, കരിയച്ചിറ പി.ഒ., കൊല്ലം |
| ശ്രീ. സുരേന്ദ്രൻ ടി.വി., വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | വി.ഇ.ഒ., ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്ത് | തലവിൽ, എരുവാട്ടി പി.ഒ., |

| | | |
|---|---|---|
| | | ചപ്പാരപ്പടവ്, കണ്ണൂർ |
| ശ്രീമതി നളിനമ്മ കെ.ജി., ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ, ചെങ്ങളായി ഗ്രാമപഞ്ചായത്ത് | കുറ്റിവേലിൽ ഹൗസ്, ചെമ്പന്തൊട്ടി പി.ഒ., കണ്ണൂർ. |

എഫ്) ഓഡിറ്റ് എൻക്വയറികളുടെ അടിസ്ഥാനത്തിൽ തിരിച്ചടച്ച തുകകളുടെ വിവരം

| എൻക്വയറി നമ്പർ | വിഷയം | അടവാക്കിയ തുക | രശീതി നമ്പർ, തീയതി, അടവാക്കി വ്യക്തിയുടെ പേര് |
|---|---|---|---|
| 8/08.02.2022 | സാമൂഹ്യ സുരക്ഷ പെൻഷൻ – മരണപ്പെട്ടശേഷം ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ച തുക തിരിച്ചടക്കേണ്ടത് | 4500 | 1210102592/G130307 Dated 09.02.2022 ബോസ് പി.ജെ., പടിഞ്ഞാറെ മുറിയിൽ, മണക്കടവ് റിമാർക്സ്: മരണപ്പെട്ട ശേഷം ബാങ്ക് അക്കൗണ്ടിൽ 09/2020 വരെ നിക്ഷേപിച്ച തുക (ബോസ് പി.ജെ. പെൻഷനർ എെ.ഡി.-111190200128 OAP) |
| ടി. – | – ടി. – | 4500 | 1210102609/G130307 Dated 09.02.2022 ആയിഷ കെ.എൻ., കൊക്കേറകത്ത്, പൂവഞ്ചാൽ റിമാർക്സ്: മരണപ്പെട്ട ശേഷം ബാങ്ക് അക്കൗണ്ടിൽ (9/2020 വരെ നിക്ഷേപിച്ച തുക (നബിസ പെൻഷനർ ഐ.ഡി.-111190200128 OAP)) |
| – ടി. – | – ടി. – | 6600 | 1210102652/G130307 Dated 10.02.2022 സുശീല, ആലയിൽ താഴെ മണക്കടവ് മരണപ്പെട്ട ശേഷം ബാങ്ക് അക്കൗണ്ടിൽ 09/2020 വരെ നിക്ഷേപിച്ച തുക (തങ്കമ്മ എ., പെൻഷനർ ഐ.ഡി.-111190100320 ALP) |
| – ടി. – | – ടി. – | 6600 | മരണപ്പെട്ട ശേഷം |

| | | | |
|---|---|---|---|
| | | | ബാങ്ക് അക്കൗണ്ടിൽ 09/2020 വരെ നിക്ഷേപിച്ച തുക (ചിന്നമ്മ, പെൻഷനർ ഐ.ഡി. 111190201623) കേരള ഗ്രാമീൺ ബാങ്ക് ഉദയഗിരി ശാഖ മുഖേന (UTR No. KLGBH202040893627 Dated 09.02.2022) കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ അക്കൗണ്ടിലേക്ക് തിരിച്ചടച്ചു. |
| – ടി. – | – ടി. – | 3000 | മരണപ്പെട്ട ശേഷം ബാങ്ക് അക്കൗണ്ടിൽ 11/2020 വരെ നിക്ഷേപിച്ച തുക (മണി, പെൻഷനർ ഐ.ഡി.-111190200586) കേരള ഗ്രാമീൺ ബാങ്ക് മണക്കടവ് ശാഖ മുഖേന (UTR No. KLGBH202040892924 Dated 09.02.2022) കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ അക്കൗണ്ടിലേക്ക് തിരിച്ചടച്ചു. |
| | ആകെ | 25200 | |

മേൽ പട്ടിക പ്രകാരം ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിലടവാക്കിയ പെൻഷൻ ഇനത്തിലെ തുകകൾ കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ അക്കൗണ്ടിലേക്ക് തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതാണ്.

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1998-99 | കെ.എസ്.എ /കെ.എൻ.ആർ /സി.13/800/2019 തീയതി 10-06-2019 (ഓഡിറ്റ് അദാലത്ത്) | 7 | - |
| 2001-02 | കെ.എസ്.എ /കെ.എൻ.ആർ /സി.13/800/2019 തീയതി 10-06-2019(ഓഡിറ്റ് അദാലത്ത്) | 1 | - |
| 2004-05 | കെ.എസ്.എ /കെ.എൻ.ആർ /സി.13/800/2019 തീയതി 10-06-2019<br>(ഓഡിറ്റ് അദാലത്ത്) | 5 | - |
| 2005-06 | കെ.എസ്.എ /കെ.എൻ.ആർ /സി.13/800/2019 തീയതി 10-06-2019 | 2 | - |

| | | | |
|---|---|---|---|
| | (ഓഡിറ്റ് അദാലത്ത്) | | |
| 2006-07 | കെ.എസ്.എ /കെ.എൻ.ആർ /സി.13/800/2019 തീയതി 10-06-2019 (ഓഡിറ്റ് അദാലത്ത്) | 12 | - |
| 2007-08 | കെ.എസ്.എ /കെ.എൻ.ആർ /സി.13/800/2019 തീയതി 10-06-2019 (ഓഡിറ്റ് അദാലത്ത്) | 9 | - |
| 2008-09 | കെ.എസ്.എ /കെ.എൻ.ആർ /സി.13/800/2019 തീയതി 10-06-2019 (ഓഡിറ്റ് അദാലത്ത്) | 2 | - |
| 2009-10 | കെ.എസ്.എ /കെ.എൻ.ആർ /സി.13/800/2019 തീയതി 10-06-2019 (ഓഡിറ്റ് അദാലത്ത്) | 4 | - |
| 2010-11,2011-12 | കെ.എസ്.എ /കെ.എൻ.ആർ /സി.13/800/2019 തീയതി 10-06-2019 (ഓഡിറ്റ് അദാലത്ത്) | 5 | - |
| 2012-13,2013-14 | കെ.എസ്.എ /കെ.എൻ.ആർ /സി.13/800/2019 തീയതി 10-06-2019 (ഓഡിറ്റ് അദാലത്ത്) | 3 | - |
| 2014-15 | കെ.എസ്.എ /കെ.എൻ.ആർ /സി.13/800/2019 തീയതി 10-06-2019 (ഓഡിറ്റ് അദാലത്ത്) | 8 | - |
| 2015-16 | കെ.എസ്.എ /കെ.എൻ.ആർ /സി.13/800/2019 തീയതി 10-06-2019 (ഓഡിറ്റ് അദാലത്ത്) | 13 | - |
| 2016-17 | കെ.എസ്.എ /കെ.എൻ.ആർ /സി.13/800/2019 തീയതി 10-06-2019 (ഓഡിറ്റ് അദാലത്ത്) | 11 | - |
| 2017-18 | കെ.എസ്.എ /കെ.എൻ.ആർ / സി.13/968/2019 തീയതി 02-08-2019 | 7 | - |
| 2018-19 | കെ.എസ്.എ /കെ.എൻ.ആർ / സി.13/1888/2019 തീയതി 09-06-2020 (അനന്തരറിപ്പോർട്ട്) | 18 | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ ഉദയഗിരി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ ഉദയഗിരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annex3-1

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| | **Udayagiri Grama Panchayat RECEIPT & PAYMENT STATEMENT** | | |
| | For the period from 01-April-2019 to 31-March-2020 | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 10511612.00 |
| Cash | Cash | RP-40(a) | 14582.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 537050.00 |
| 130000000 | Rental income from Panchayat Properties | RP-3 | 14400.00 |
| 140000000 | Fees & User Charges | RP-4 | 206336.00 |
| 150000000 | Sale & Hire Charges | RP-5 | 134412.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 39292380.00 |
| 171000000 | Interest Earned | RP-9 | 168478.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 14553664.00 |
| 350000000 | Other Liabilities | RP-36 | 57157.00 |
| | **Non Operating** | | |
| 311000000 | Earmarked Funds | RP-29 | 9948.00 |
| 330000000 | Secured Loans | RP-32 | 1385257.00 |
| 340000000 | Deposits Received | RP-34 | 273816.00 |
| 350000000 | Other Liabilities | RP-36 | 159789.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 2058138.00 |
| 460000000 | Loans, Advances and Deposits | RP-47 | 497540.00 |
| | **Grand total** | | **69874559.00** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 4290447.00 |
| 220000000 | Administrative Expenses | RP-12 | 1039794.00 |
| 230000000 | Operations & Maintenance | RP-13 | 730703.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 3426439.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 13414901.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 392996.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 1403756.00 |
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 641360.00 |
| | Schemes | | |
| 255000000 | Maintenance Projects | RP-20 | 8496637.00 |
| 280000000 | Prior Period item | RP-26 | -7800.00 |
| | | | |

| | | | |
|---|---|---|---|
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 914031.00 |
| 350000000 | Other Liabilities | RP-36 | 8503912.00 |
| | **Non Operating** | | |
| 240000000 | Interest & Finance Charges | RP-14 | 951.00 |
| 280000000 | Prior Period Item | RP-26 | -3204.00 |
| 330000000 | Secured Loans | RP-32 | 1457616.00 |
| 340000000 | Deposits Received | RP-34 | 273959.00 |
| 350000000 | Other Liabilities | RP-36 | 1882411.00 |
| 410000000 | Fixed Assets | RP-38 | 8942421.00 |
| 412000000 | Capital work in Progress | RP-40 | 629034.00 |
| 460000000 | Loans, Advances and Deposits | RP-47 | 1502113.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 11942082.00 |
| Cash | Cash | RP-40(b) | 0.0 |
| | **Grand Total** | | **69874559.00** |

## Annex3-2

## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| Udayagiri Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 2424119.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 205404.00 |
| 140000000 | Fee & User Charges | I-4(b) | 304766.00 |
| 150000000 | Sale & Hire Charges | I-5(b) | 144042.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 114328966.00 |
| 171000000 | Interest Earned | I-8 | 168478.00 |
| 180000000 | Other Income | I-9 | 0.0 |
| | **Total Income** | | **117575775.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 10053700.00 |
| 220000000 | Administrative Expenses | I-11(b) | 1062834.00 |
| 230000000 | Operations & Maintenance | I-12(b) | 870953.00 |
| 240000000 | Interest & Finance Charges | I-13 | 951.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 3762890.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 62523060.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 992996.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1403756.00 |
| 254000000 | Expenditures of Transfered Institutions and State | I-14(d) | 18672060.00 |

| | | | |
|---|---|---|---|
| | Sponsored Schemes (not included under Decentralized Plan Programme) | | |
| 255000000 | Maintenance Projects | I-14(e) | 8496637.00 |
| 270000000 | Provisions and Write off | I-16 | 13829.00 |
| 272000000 | Depreciation | I-17(a) | 9624290.00 |
| | **Total Expenditure** | | **117477956.00** |
| | **Gross Surplus/ Deficit of income over Expenditure** | | **97819.00** |
| 280000000 | Prior Period Item | I-18 | -35835.00 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **133654.00** |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## Annex3-3

## ബാലൻസ് ഷീറ്റ്

| Udayagiri Grama Panchayat BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 9010290.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 13072.00 |
| 312000000 | Reserves | B-3 | 76138984.00 |
| | **Total Reserve & Surplus** | | **85162346.00** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 9697301.00 |
| | **Total Grants, Contributions for Specific Purposes** | | **9697301.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 7913560.00 |
| | **Total Loans** | | **7913560.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 522633.00 |
| 350000000 | Other Liabilities | B-9 | 624408.00 |
| | **Total Current Liabilities and Provisions** | | **1147041.00** |
| | **TOTAL LIABILITIES** | | **103920248.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 120648338.00 |
| 411000000 | Accumulated Depreciation | B-11 | -30558302.00 |
| 412000000 | Capital Work in Progress | B-11(a) | 629034.00 |
| | **Total Fixed Assets** | | **90719070.00** |
| | **Investments** | | |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 117373.00 |

| | | | |
|---|---|---|---|
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 11942082.00 |
| 460000000 | Loans, Advances and Deposits | B-18 | 1141723.00 |
| | **Total Current Assets, Loans and Advances** | | **13201178.00** |
| | | | |

| | |
|---|---|
| **Other Assets** | |
| **Miscellaneous Expenditure (To the Extent not written off)** | |
| TOTAL ASSETS | **103920248.00** |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.